SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM

Date of Publications : 25.08.2025
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:13 ISSUE NO:05 AUGUST 2025 ANNUAL SUBSCRIPTION Rs. 100/-

## അമേരിക്കയിലെ കോൺഫ്രറൻസുകൾ സമാപിച്ചു

### ഫിബ ഫാമിലി കോൺഫറൻസ്



**ഹൂസ്റ്റൺ :** ഫിബ ഫാമിലി കോൺഫറൻസ് 2025 ജൂലൈ വ്യാഴം 31 മുതൽ ആഗസ്റ്റ് 3 വരെ ഹൂസ്റ്റണനിൽ നടത്തപ്പെട്ടു. "ജീവിതത്തിലെ വെല്ലുവിളികളെ മറികടക്കുക" എന്നതായിരുന്നു ഈ വർഷത്തെ ഫാമിലി കോൺഫറൻസിന്റെ തീം. ബ്രദർ തോംസൺ ബി. തോമസ്, ബ്രദർ സ്റ്റീവ് പ്രൈസ്, ബ്രദർ നേറ്റ് ബ്രാം സെൻ, ബ്രദർ വർഗീസ് കുര്യൻ, ബ്രദർ ബെൻസൺ തോമസ്, ബ്രദർ ജോൺസി തോമസ് എന്നിവരായി രുന്നു പ്രഭാഷകർ.

ടെക്സസിലെ ഹൂസ്റ്റണിൽ ഫിബ 2025 കോൺഫറൻസിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു. ഈ കോൺഫറൻസിന്റെ വിജയത്തിന് ദൈവത്തിന് സ്തുതി. 4 ദിവസവും, 1103 പേർ ഫിബ കോൺഫറൻസിൽ പങ്കെടുത്തു. ഈ കോൺഫറൻസിലൂടെ ദൈവത്തിന്റെ നാമം മഹത്വപ്പെട്ടു. പ്രസംഗങ്ങളിൽ നിന്നും സെമിനാറുകളിൽ നിന്നുമുള്ള സന്ദേശങ്ങൾ നിങ്ങളോടോപ്പം ഉണ്ടായിരിക്കണമെന്നും കൂട്ടായ്മ ഒരിക്കലും അവസാനിക്കരുതെ ന്നും ഫിബ കോൺഫറൻസ് പ്രാർത്ഥിക്കുന്നു.

ഇതിനിടയിൽ ഞങ്ങളുടെ പ്രാദേശിക ശുശ്രൂഷകൾ പുനരാരംഭിക്കാൻ ഞങ്ങൾ പദ്ധതിയിടുന്നതിനാൽ ദയവായി ഫിബ മിനിസ്ട്രികൾക്കായി പ്രാർത്ഥിക്കുന്നത് തുടരുക. ദൈവഹിതമനുസരിച്ച്, അടുത്ത സമ്മേളനം 2027 ൽ നടക്കും.

### ഐ.ബി.എഫ് കോൺഫറൻസ്

**മരിയോൺ:** 46-ാമത് ഐ. ബി. എഫ് വാർഷിക സമ്മേളനം 2025 ജൂലൈ 2 ബുധൻ മുതൽ ജൂലൈ 6 ഞായർ വരെ ഇന്ത്യാന വെസ്ലിയൻ യൂണിവേഴ്സിറ്റി മരിയോൺ എന്ന സ്ഥലത്തു വച്ച് നടത്തപ്പെട്ടു. "വിജയികളാകുക... സഭകൾക്കുള്ള പാഠങ്ങൾ" എന്നതായിരുന്നു ഈ വർഷത്തെ സമ്മേളനത്തിന്റെ വിഷയം. "വിജയിക്കുകയും അവസാനം വരെ എന്റെ ഇഷ്ടം ചെയ്യുകയും ചെയ്യുന്നവൻ" വെളിപാട് 2:26 എന്നതായിരുന്നു വിഷയവാക്യം. അസഹോദരന്മാരായ ജോൺ കുര്യൻ, രാജു കുഞ്ഞുമ്മൻ, സൈമൺ ജോർജ്, ജോൺസി മാത്യൂസ്, തോമസ് രാജൻ, സി. എം. ജേക്കബ് തുടങ്ങിയവർ പ്രഭാഷണം നടത്തി.

## വൈ.എം.ഇ.എഫ് ക്യാമ്പ്

**വയനാട്:** വൈ.എം.ഇ.എഫ് ജനറൽ ക്യാമ്പ് 2025 സെപ്റ്റംബർ 1 തിങ്കൾ മുതൽ 4 വ്യാഴം വരെ ജയലക്ഷ്മി ആഡിറ്റോറിയം വടുവൻചാൽ വയനാട് വെച്ച് നടത്തപ്പെടും. ഈ വർഷത്തെ ജനറൽ ക്യാമ്പിന്റെ തീം "ധൈര്യമുള്ളവരായിരിക്കുക" എന്നതാണ്. പ്രസ്തുത യോഗത്തിൽ സന്ദേശങ്ങൾ, സെക്ഷൻ ക്ലാസുകൾ, മിഷനറി സാക്ഷ്യങ്ങൾ, സംഗീതം, ടാലന്റ് ടൈം എന്നിവയാണ് ക്യാമ്പിൽ നടത്തപ്പെടുന്നത്. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം), ബ്രദർ എബി കെ. ജോർജ് (പത്തനംതിട്ട), ബ്രദർ ജോർജ് മാത്യു (മുംബൈ), ബ്രദർ ജയൻ വർഗ്ഗീസ് (മഹാരാഷ്ട്ര), ബ്രദർ റ്റി. ജെ. ജോസഫ് (അൾവാർ) എന്നിവരാണ് ക്യാമ്പിന്റെ ലീഡേഴ്സ്. കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക: ബ്രദർ ജേക്കബ് പി. മാത്യു. (ജനറൽ സെക്രട്ടറി)-9847000691.

## ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ്

**കുമ്പനാട്:** ബിലീവേഴ്സ് റിലീഫ് ട്രസ്റ്റിന്റെ 46-ാമത് വാർഷിക ജനറൽ ബോഡി യോഗം 2025 ജൂൺ 24 ന് കുമ്പനാട് ബി.ആർ.ടി ഓഫീസിൽ നടത്തപ്പെട്ടു. വാർഷിക പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് ചെയ്ത സാമ്പത്തിക പ്രസ്താവനകളും അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ബി.ആർ.ടി ശുശ്രൂഷ 53 അംഗങ്ങളുടെ ഒരു ജനറൽ ബോഡിയും, 13 അംഗങ്ങളുടെ ഒരു ഭരണസമിതിയുമാണ് കൈകാര്യം ചെയ്യുന്നത്. നമ്മുടെ സമൂഹത്തിലെ ദരിദ്രരായ സഹോദരങ്ങളെയും വിധവകളെയും സഹായിക്കുന്ന ഈ ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാ പള്ളികൾക്കും/അസംബ്ലികൾക്കും, വ്യക്തികൾക്കും, ഫെലോഷിപ്പുകൾക്കും നന്ദി അറിയിച്ചു. തുടർന്നും നിങ്ങളുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവും തുടരണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദാംശങ്ങൾക്ക് ദയവായി ബന്ധപ്പെടുക: സെക്രട്ടറി ബ്രദർ സാകുട്ടി ജോർജ്-91 8129568270.

## ബഥനി ബൈബിൾ സ്കൂൾ പൂർവ്വവിദ്യാർത്ഥി സമ്മേളനം

**കുമ്പനാട് :** 1949-ൽ ആരംഭിച്ച ബഥനി ബൈബിൾ സ്കൂളിന്റെ 75-ാമതു ബാച്ചിന്റെ പഠനം നടന്നുവരുന്നു. കഴിഞ്ഞ 75 വർഷങ്ങളിൽ ദൈവം നടത്തിയ വഴികളെ ഓർത്തു നന്ദി പറയുവാനും പുതിയ സമർപ്പണത്തോടെ മുന്നേറുവാനും ലക്ഷ്യമിട്ട് പൂർവ്വവിദ്യാർത്ഥികളുടെ ഒരു പ്രത്യേക ഏകദിന സമ്മേളനം 2026 ജനുവരി 27 ചൊവ്വാഴ്ച്ച നടത്തുവാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിലും മറ്റിതര രാജ്യങ്ങളിലുമായി കഴിയുന്ന എല്ലാ പൂർവ്വവിദ്യാർത്ഥികളെയും ക്ഷണിക്കുന്നു. എല്ലാവരുടെയും ഇപ്പോഴത്തെ മേൽവിലാസവും, പേരും, ഫോൺ നമ്പരുകളും വാട്സ് ആപ്പുള്ള ഫോൺ നമ്പറും, ഇ-മെയിൽ ഐ.ഡിയും, ബഥനിയിൽ പഠിച്ച വർഷവും, ഇപ്പോൾ എന്തു ചെയ്യുന്നു, ഇപ്പോൾ അംഗമായിരുക്കുന്ന സ്ഥലം സഭയുടെ പേരും സ്ഥലവും എന്നീ വിവരങ്ങൾ 9744566019 എന്ന വാട്ട്സ്ആപ്പ് നമ്പറിലേക്കു അയച്ചു തരണമെന്നു അഭ്യർത്ഥിക്കുന്നു. നിങ്ങൾ അയച്ചു തരുന്ന വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നതും അത്യാവശ്യമായ വിവരങ്ങൾ പൂർവ്വവിദ്യാർത്ഥികളുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ചേർക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക :ബ്രദർ ഫിലിപ്പ് പി. എ. (സെക്രട്ടറി): +91860318239, ബ്രദർ വർഗ്ഗീസ് കെ.കുര്യൻ (പ്രിൻസിപ്പൽ):+91 9447404646.




## എസ്.പി.എസ്.ഫണ്ട്

**തടിയൂർ:** ബ്രദറൺ S.P.S.F. 66 വർഷം പൂർത്തീകരിക്കുവാൻ ഇടയായി. മിഷനറിമാരായ ദൈവദാസന്മാരും സ്വദേശികളായ ആത്മീയ പിതാക്കന്മാരാലും 1958-ൽ ആരംഭിച്ച ശുശ്രൂഷയാണ് ബ്രദറൺ S.P.S.F. സഭകളുടെ വളർച്ചയ്ക്കും നിലനിൽപ്പിനും ദൈവദാസന്മാരുടെ ശുശ്രൂഷകൾക്ക് പിൻബലമായും കഴിഞ്ഞ 66 വർഷങ്ങളായി ഈ ശുശ്രൂഷയെ ദൈവം നിലനിർത്തുന്നു. കഴിഞ്ഞ നാളുകളിൽ സഭകളായും വ്യക്തികളായും സഹായിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

സുവിശേഷവേലയെക്കുറിച്ച് ഭാരമുള്ള സഭകളും വ്യക്തികളും സംഘടനകളും ദൈവാത്മ പ്രേരണയാൽ തരുന്ന സംഭാവനകൾ സ്വീകരിക്കുകയും മാസത്തിന്റെ ഒടുവിലത്തെ ശനിയാഴ്ച കൂടി വരുന്ന സമ്മേളനത്തിൽ സുവിശേഷകന്മാർക്ക് വിതരണം നടത്തുകയും ചെയ്യുന്നു. കൂടാതെ നിത്യതയിൽ വിശ്രമിക്കുന്ന ദൈവദാസന്മാരുടെ വിധവമാരായ സഹോദരിമാർക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് എല്ലാ മാസവും സഹായിക്കുന്നു. ചികിത്സ സഹായം, ഏകദിന സുവിശേഷ പ്രവർത്തനം എന്നിവയും ഫണ്ടിന്റെ ചുമതലയിൽ ചെയ്തുവരുന്നു.

ഈ ശുശ്രൂഷയുടെ അഭിവൃദ്ധിക്കായി ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. സഭകളായോ, വ്യക്തികളായോ, സംഘടനകളായോ സഹായിക്കുവാൻ, താല്പര്യപ്പെടുന്നവർ ചുവടെ കൊടുത്തിരുക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് അയച്ചു തന്നാൽ സഹായകരമായിരിക്കും. എല്ലാറ്റിനും നന്ദി അറിയിക്കുന്നു.

Brethren SPSF, A/c No: 37018263231, IFSE Code: SBIN0070244

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

ഡോ. സി.വി. വടവന
(ചീഫ് എഡിറ്റർ)
ഇ.എസ്. റെജി
(സബ് എഡിറ്റർ)
ഐസക്ക് സി. വടവന
(മാനേജിംഗ് എഡിറ്റേഴ്സ്)
ജസ്റ്റിൻ സി. വടവന
(സർക്കുലേഷൻ മാനേജർ)

പത്രാധിപ സമിതി
എ. വി. ജോൺ
ജിജോ അങ്കമാലി
ഡോ. സണ്ണി എഴുമറ്റൂർ
എൽസി ബേബി

ജീവവചനം
ഏറ്റവും പ്രചാരമുള്ള
ബ്രദറൺ വാർത്താ മാസിക
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

വിലാസം
ജീവവചനം
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ.
തിരുവല്ല - 689541
ഫോൺ: 9447126182

USA
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

AUSTRALIA
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

UAE
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

## തലക്കുറി

# എല്ലാം ദൈവകൃപ മാത്രം

**ബ്രദർ സി.വി. വടവന**



1986-ലെ ഒരു തിങ്കളാഴ്ച ദിവസം ആശ്രമ ജീവിതത്തോട് വിട പറഞ്ഞിറങ്ങുമ്പോൾ എന്റെ സുപ്പീരിയറച്ചൻ തന്ന 153 രൂപാ നേർച്ചപ്പണമാണ് സത്യം മിനിസ്ട്രീസിന്റെ ഇന്നു കാണുന്ന എല്ലാ പ്രവർത്തനങ്ങൾക്കും മൂലധനം ഞായറാഴ്ച ആശ്രമ ചാപ്പലിൽ വീണ നേർച്ചപ്പണമായിരുന്നു അത്. ഈ തുക കൊണ്ടാണ് ആദ്യത്തെ ലഘുലേഖ അച്ചടിച്ച് മിനിസ്ട്രി ആരംഭിച്ചത്. ഇപ്പോൾ 27 വർഷങ്ങൾ പിന്നിടുന്നെങ്കിലും ഔദ്യോഗികമായി ഉദ്ഘാടനം നടത്തി ആരംഭിച്ചത് 1988 മെയ് 5 ന് ഞങ്ങളുടെ വിവാഹനാളിലാണ്. കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ വിവാഹ ചടങ്ങിന് തൊട്ടുമുമ്പായി നടന്ന പൊതു സമ്മേളനത്തിൽ വച്ചാണ് പ്രസ്ഥാനത്തിന് ഔദ്യോഗിക തുടക്കം. ദൈവം നടത്തിയ അത്ഭുതമാർന്ന വഴികൾ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. തിരിഞ്ഞു നോക്കിയാൽ എല്ലാം ദൈവകൃപ പ്രവർത്തനത്തോടൊപ്പം സഹചാരികളാകുവാൻ നിരവധി പേരെ ദൈവം ഒരുക്കി എന്നുമാത്രം. യഥാസമയം കാക്കകൾ നൽകുന്ന അപ്പവും കെരീത്ത് തോട്ടിലെ വെള്ളവും സ്വാദിഷ്ടമായി രുചിക്കുവാൻ ദൈവം അവസരം നല്കി എന്നു മാത്രം. ഞങ്ങളുടെ വിവാഹം തന്നെ മുഴുവൻ ഉദാരമതികളുടെ സംഭാവനയായിരുന്നു. വിവാഹ ചിലവ് മൊത്തം 500-ൽ താഴെ രൂപാ മാത്രം. ലളിതമായ നടത്തിയ ചടങ്ങിൽ ഒരു കുടുംബവും ഒരു പ്രസ്ഥാനവും രൂപപ്പെടുകയായിരുന്നു. കൈമോശം വരാത്ത ത്യാഗവും, ആഴമായ ദർശനവും ഞങ്ങളെ ഇന്നും മുമ്പോട്ടു നയിക്കുന്നു. ഭാരതം ദൈവ ശബ്ദം കേൾക്കുവാൻ ഇനിയും ത്യാഗനിർഭരമായ സേവനം ചെയ്യുവാൻ ഞങ്ങൾ പ്രതിബദ്ധതയുള്ളവരാണ്. ഈ മഹാനായ ദൈവത്തെ സേവിക്കുന്നിതനും അവിടുത്തെ യോദ്ധാവായിരുന്നതിലും ഓരോ ദിവസവും പുളകം കൊള്ളുകയാണ്. ദൈവകൃപയുടെ ആവരണത്തിൽ നിന്നുകൊണ്ട് സമൂഹത്തിനു വേണ്ടി പ്രവർത്തിക്കാൻ ഞങ്ങളെ തന്നെ പുനർപ്പണം ചെയ്യുകയാണിവിടെ. പ്രവർത്തന വഴികളിൽ ഞങ്ങളോട് സഹകരിച്ച ഒട്ടേറെപ്പേരുണ്ട്. അവരിൽ ഭൂരിപക്ഷവും സാധുക്കളായ അപ്പച്ചന്മാരും അമ്മച്ചിമാരുമാണ്. ഒട്ടേറെ സാക്ഷ്യങ്ങൾ ഇതോടൊപ്പം പറയുവാനുണ്ടെങ്കിലും ഇപ്പോൾ ആയതിനു മുതിരുന്നില്ല. ചിലരെങ്കിലും വഴിയിൽ തടങ്കൽ പാറ സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ആയത് വളർച്ചയുടെ ചവിട്ടുപടിയായി ഉപയോഗിക്കാൻ ദൈവസഹായം ഉണ്ടായി എന്നു മാത്രം പറയുവാൻ ആഗ്രഹിക്കുന്നു. ഒട്ടേറെ തീക്കനലുകളുടെയും പ്രതികൂലങ്ങളുടെയും നടുവിൽ ഉയരത്തിലേക്കുള്ള ദർശനവും സഹവിശ്വാസികളുടെ ഒത്താശയും ഞങ്ങൾക്ക് കരുത്തേകി. ഉന്നത വിളിയേക്കുറിച്ചുള്ള ബോധ്യം വീണ്ടും വീണ്ടും ചുവടുവയ്ക്കുവാൻ ഊർജ്ജം തരുന്നു. നിരവധി വെല്ലുവിളികളെ അതിജീവിച്ച് വിളിച്ചവന്റെ മുഖത്തേയ്ക്കു നോക്കി യാത്ര ചെയ്യുവാൻ ഇതുവരെയും സാധിച്ചത്, തിരിഞ്ഞു നോക്കുമ്പോൾ അതിശയമായി തോന്നുന്നു. എല്ലാം ദൈവ കൃപ മാത്രം. പുതിയ കാൽവയ്പുകളുമായി നസ്രത്തിലെ തച്ചന്റെ മകനുമായിച്ചേർന്ന്, പ്രതിബദ്ധത പുലർത്തി പ്രവർത്തനത്തിൽ മുമ്പോട്ടുപോകണം. സഹചാരികളുടെ ഒത്താശ്ശയും പ്രാർത്ഥനയും ഞങ്ങൾ പ്രതീക്ഷിക്കട്ടെ? ഒരുമിച്ച് നിന്ന് ഭാരതം ദൈവ സ്നേഹം മനസ്സിലാക്കുവാനുള്ള മതിൽപ്പണിയിൽ തുടർന്നു പോകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സൻബല്ലത്തും തോബിയാവും മതിൽപ്പണിക്കാരുടെ മദ്ധ്യത്തിലുണ്ടെന്ന തിരിച്ചറിവ് ഞങ്ങൾക്ക് വളരെ വിചിത്രമായി തോന്നിയെങ്കിലും യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് കർമ്മരംഗത്തായിരിക്കുവാൻ ആവശ്യമായ വിവേകത്തിനായി പ്രവർത്ഥിക്കണമേ!

**- ചീഫ് എഡിറ്റർ**

**ലേഖനം**
**ഐസക് സാമുവേൽ**

# വിജയികൾ

**ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ**



ഈ ലേഖനത്തിൽ പരിശുദ്ധാത്മാവിനെ ദൈവമായി ചിത്രീകരിച്ചിരിക്കുന്നു. 3: 17,18. വിശ്വാസിയുടെ രക്ഷയുടെ ഉറപ്പ് 1:22, 5:5. സാത്താന്റെ ഈ ലോകത്തിന്റെ ദൈവമായി ചിത്രീകരിച്ചിരിക്കുന്നു. 4:4, 1 യോഹ 5:19. വഞ്ചകൻ 11:14, മനുഷ്യരു തെറ്റിപ്പോയ ദൂതന്മാരുമായ വഞ്ചകരുടെ നേതാവാണ് സാത്താൻ 11:15, അന്ത്യകാലത്തിൽ വിശ്വാസികളുടെ തേജസ്ക്കരണം 4:16,5:8, ന്യായവിധി 5:10, എന്നിവ ഉൾപ്പെട്ടിരിക്കുന്നു. 5:14-21 രക്ഷയിലുള്ള ദൈവത്തിന്റെ പരമാധികാരം എന്ന മഹത്വമേറിയ സത്യം വെളിപ്പെടുത്തിയിരിക്കുന്നു. 7:9-10 ൽ നാം വായിക്കുന്നതു ശരിയായി മാനസാന്തരപ്പെട്ട് ദൈവത്തിന്റെ രക്ഷയുടെ ദാനത്തോട് പ്രതികരിക്കുന്നതിനെക്കുറിച്ചാണ്. ഈ ലേഖനത്തിലാണ് ഏറ്റവും വ്യക്തവും സംക്ഷിപ്തവുമായി നിലയിൽ യേശുക്രിസ്തുവിന്റെ പ്രതിപകരയാഗമരണത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് 5:21, യെശ്ശ 53: ക്രിസ്തുവിലൂടെ ലഭിച്ച നിരപ്പിനെ ഘോഷിക്കുക എന്ന ദൗത്യം നിവർത്തിച്ചിരിക്കുന്നു, 5:18-20, അവസാനമായി ഏബ്രായലേഖനത്തിനു വെളിയിൽ പുതിയനിയമത്തിന്റെ ഏറ്റവുംപൂർണ്ണമായ വിശദീകരണം നല്കിയിരിക്കുന്നു.

**അദ്ധ്യായം 6**

**സമർപ്പണത്തിന്റെ അനിവാര്യത**

**ശിഷ്യത്വത്തിന്റെ വിളി**

യേശു തന്നെ അനുഗമിക്കുന്നവനെ ശിഷ്യത്വത്തിന്റെ പാതയിലേക്കു ക്ഷണിക്കുന്നു. ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ മത്തായി 16:24 . ശിഷ്യത്വത്തിന്റെ ചില നിബന്ധനകൾ കർത്താവ് ഇവിടെ പറയുന്നു.

ശിഷ്യനായിരിക്കുവാൻ ആഗ്രഹിക്കുന്നവൻ അതിനു നല്കേണ്ട വിലയെക്കുറിച്ചു ബോധ്യമുള്ളവൻ ആയിരിക്കണം. തന്നെത്താൻ ത്യജിക്കണം. സ്വയത്തെയും കർത്താവിനെയും ഒരപോലെ അനുഗമിക്കുവാൻ കഴിയുന്നതല്ല. സ്വയത്തെ ക്രിസ്തുവിനോടൊപ്പം ക്രൂശിക്കണം. പഴയ മനുഷ്യനെ നാൾതോറും ഉരിഞ്ഞുകളയണം. പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിക്കണം. ജീവന്റെ പുതുക്കത്തിൽ നടക്കണം.

തന്റെ ക്രൂശെടുക്കണം. ക്രൂശ് അപമാനത്തിന്റെയും നിന്ദയുടെയും അടയാളമാണ്. കഷ്ടതയുടെയും പീഡയുടെയും അടയാളമാണ്. ക്രൂശെടുത്തു മാത്രമേ കർത്താവിനെ അനുഗമിക്കുവാൻ കഴിയുകയുള്ളു. ക്രൂശില്ലെങ്കിൽ കിരീടമില്ല. ക്രൂശെടുത്തു തന്റെ പിന്നാലെ വരുന്നവരെ പ്രതിഫലം നല്കി കർത്താവ് മാനിക്കും. കാരണം യേശു ക്രൂശെടുത്ത് മഹത്വം നേടിയവനാണ്.

ഒരു യഥാർത്ഥ ശിഷ്യനു കർത്താവിനോടു ആഴമായ സമർപ്പണം ആവശ്യമാണ് കർത്താവിനെ പരസ്യമായി അനേകർ അനുഗമിച്ചെങ്കിലും അവരിൽ പലരും ഇടയ്ക്കുവെച്ചു വഴിപിരഞ്ഞു. ക്രിസ്തുവിനോടുണ്ടാകേണ്ട ആഴത്തിലുള്ള ബന്ധം, വിശ്വസ്തത എന്നിവ അവരിൽ ഇല്ലായിരുന്നു. ഇന്നും ശിഷ്യന്മാർ എന്നു അഭിപ്രായപ്പെടുന്ന അനേകർ ഉണ്ട്. എന്നാൽ അവരിൽ അധികപങ്കും ക്രിസ്തുവിനോടുള്ള സമർപ്പണമില്ലാതെ മുന്നോട്ടു പോകുന്നവരാണ്.

**രക്ഷക്കായുള്ള വിളി**

**മത്തായി 11:28-29**

ഈ ആഹ്വാനം വളരെ ലളിതമാണ്. ആർക്കും സ്വീകരിക്കാവുന്നതാണ്. കാരണം ഈ രക്ഷക്കും വിശ്രമത്തിനും തടസ്സമായിരുന്ന മനുഷ്യന്റെ പാപത്തിന്റെ ശിക്ഷ ക്രൂശിൽ യേശു അനുഭവിച്ചു. മനുഷ്യന്റെ പാപപ്രശ്നം പരിഹരിച്ചു. ക്രൂശിൽ വിണ്ടെടുപ്പു നിവർത്തിച്ചു. നാം അനുഭവിക്കേണ്ട സകല ശിക്ഷകളും അവിടുന്നു അനുഭവിച്ചു. ഈ കർത്താവിനെ അനുഗമിക്കുക എന്നുള്ളത് നമ്മെക്കുറിച്ചുള്ള ദൈവോദ്ദേശമാണ്. അത് വെല്ലുവിളി നിറഞ്ഞതാണ്. എല്ലാ വെല്ലുവിളികളെയും അതിജീവിക്കുവാൻ സമർപ്പണം ആവശ്യമാണ്. സമർപ്പണമുള്ളവർക്കു അവസാനത്തോളം നിലനിൽക്കുവാൻ കഴിയും അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും. (മത്തായി 24: 13).

ഉപരിപ്ലവമായി കർത്താവിനെ അനുഗമിക്കുന്നവർ പ്രശ്നങ്ങളുടെയും പ്രതിബന്ധങ്ങളുടെയും മുന്നിൽ പിന്മാറിപ്പോകും. അവർക്കു അവസാനത്തോളം നിലനിൽക്കുവാൻ കഴിയുകയില്ല.

# സങ്കീർത്തനങ്ങൾ–78

ഡോ.സി.വി.വടവന

## ഭാഷ്യം (തുടർച്ച)

മോഹങ്ങളിൽ അധർമവും ഉള്ളതിനാൽ ഇത് എപ്പോഴും മനുഷ്യന് നന്മ വരുത്തുന്നതല്ല (വാ. 29; സംഖ്യ. 22; റോമ. 1:18–32; അ. പ്ര. 21:11–14).

**വാ. 30–33 അവരുടെ കൊതിക്കു മതിവന്നില്ല; ...... അവരുടെ സംവത്സരങ്ങളെ അതിവേഗത്തിലും കഴിയുമാറാക്കി.** അതിശീഘ്രമായ ശിക്ഷാനടപടി ഉടനെ സംഭവിക്കയുണ്ടായി. ഭക്ഷണം അവരുടെ വായിൽ ഇരിക്കുമ്പോൾ തന്നേ ദൈവകോപം അവരുടെമേൽ വന്നു. അവരുടെ അതിപുരുഷന്മാരിൽ ചിലരെ കൊന്നു. യിസ്രായേലിലെ യൗവ്വനക്കാരെ സംഹരിച്ചു. ഇത്രയെല്ലാം സംഭവിച്ചിട്ടും അവർ പാപം ചെയ്ത് ദൈവത്തിന്റെ കൃപയെ വ്യർത്ഥമാക്കി. ഈ കാര്യങ്ങളെയും പിന്നീട് സംഭവിച്ച പല ശിക്ഷാനടപടികളെയും ഉദ്ധരിച്ചുകൊണ്ട് യിസ്രായേലിന്മേൽ വന്നു കൂടിയ ദൈവിക ന്യായവിധിയുടെ ഒരു വിവരണം 1 കൊരി. 10–ാം അധ്യായത്തിന്റെ ആദ്യത്തെ പത്ത് വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

അങ്ങനെ പാപം ചെയ്തവർക്കെതിരെ ദൈവത്തിന്റെ കോപം ഉണ്ടായി. ഭക്ഷണം അവരുടെ വായിൽ ഇരിക്കുമ്പോൾ തന്നെ അങ്ങനെ സംഭവിച്ചു. ദൈവത്തിന്റെ അത്ഭുത പ്രവൃത്തികളെ വിശ്വസിക്കാത്തതുകൊണ്ട് ദൈവം അവരുടെ ആയുസ്സ് ഒരു ശ്വാസം പോലെ വേഗത്തിൽ കഴിയുമാറാക്കി. സംഖ്യ. 11:33–35 കാണുക.

ഈ ന്യായവിധി ഒക്കെ സംഭവിച്ചു എങ്കിലും ലേവ്യ. 26 ൽ ദൈവം പ്രവചിച്ചതുപോലെ യിസ്രായേൽ കൂടുതൽ പാപത്തിലേക്കു നീങ്ങി.

**വാ. 34–35 അവൻ അവരെ കൊല്ലുമ്പോൾ അവർ അവനെ അന്വേഷിക്കും; .... തങ്ങളുടെ വീണ്ടെടുപ്പുകാരൻ എന്നും അവർ ഓർക്കും.** "ഉന്നതൻ" എന്ന വാക്ക് ദൈവത്തിന് ഉപയോഗിച്ചിരിക്കുന്നു. 34 മുതൽ 39 വരെയുള്ള വാക്യങ്ങൾ ജനത്തിന്റെ നാട്യപരമായ സ്വഭാവത്തെ നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നു. ന്യായാധിപന്മാരുടെ കാലത്തുള്ള ചില സംഭവങ്ങളെയാണ് പ്രധാനമായും ഇവിടെ ആസാഫ് വിവരിക്കുന്നത്. ദൈവം അവരെ കൊല്ലുമ്പോൾ അവർ ജാഗ്രതയോടെ അവനെ അന്വേഷിച്ചു, ദൈവം, ഞങ്ങളുടെ പാറ, അത്യുന്നതനായ ദൈവം വീണ്ടെടുപ്പുകാരൻ എന്നെല്ലാം ഓർക്കും. എങ്കിലും വായ്കൊണ്ട് കപടം സംസാരിക്കും. നാവുകൊണ്ട് ഭോഷ്ക് പറയും. അവരുടെ ഹൃദയം അവങ്കൽ സ്ഥിരമായിരുന്നില്ല. അവന്റെ നിയമത്തോട് വിശ്വസ്തത കാണിച്ചതുമില്ല (അ. പ്ര. 8:21).

**വാ. 36 എങ്കിലും അവർ വായ്കൊണ്ട് അവനോടു കപടം സംസാരിക്കും, നാവുകൊണ്ട് അവനോടു ഭോഷ്ക്കു പറയും.** ഇവിടെ വായ്കൊണ്ട് ദൈവത്തോട് കപടം പറയുക (പുകഴ്ത്തുക എന്ന് മറ്റു വിവർത്തനങ്ങളിൽ) എന്നതുകൊണ്ട് ഒരുവൻ ഹൃദയപൂർവമല്ലാതെ ദൈവത്തെക്കുറിച്ചു പറയുന്ന പ്രസ്താവനകൾ എന്നാണ് അർത്ഥമാക്കുന്നത്. അത് അധരസേവ മാത്രമാണ് (വാ.36; യെശ. 29:13; മത്താ. 15:8; മർക്കൊ. 7:6). നിവർത്തിക്കുവാൻ ഉദ്ദേശ്യമില്ലാതെ നേരുന്ന നേർച്ചകളെയും ഇത് സൂചിപ്പിക്കുന്നു (വാ. 36–37; 12:2; 15:4).

യോശുവയുടെ കാലം കഴിഞ്ഞതോടുകൂടി അന്നുള്ള തലമുറയുടെ പിന്നാലെ വന്നവർ ദൈവത്തിന്റെ മഹാത്ഭുതങ്ങളെ മറക്കുകയും ഓരോരുത്തനും ബോധിച്ച വഴിയിൽ തിരിയുകയും ചെയ്തു. ദൈവം അവരെ ജാതികളുടെ കൈയ്യിൽ ഏല്പിക്കുവാൻ ഇടയായി. അവർ മർദ്ദനം അനുഭവിച്ചതോടെ ദൈ വത്തെ നോക്കി നിലവിളിപ്പാൻ തുടങ്ങി. ന്യായാധിപന്മാർ മുഖാന്തരം ഇടക്കാല ആശ്വാസങ്ങൾ ഉണ്ടായി. ഒരു തരത്തിൽ ജനത്തിന് യഥാസ്ഥാനം വന്നെങ്കിലും ആത്മാർത്ഥതയില്ലാത്ത അവരുടെ മനോഭാവം പിന്നെയും പ്രത്യക്ഷപ്പെട്ടു. അവർ വായ്കൊണ്ട് അവനോട് കപടം സംസാരിക്കും, നാവുകൊണ്ട് അവനോട് ഭോഷ്ക്ക് പറയും എന്നാണ് നാം വായിക്കുന്നത്.

**വാ. 37 അവരുടെ ഹൃദയം അവനിൽ സ്ഥിരമായിരുന്നില്ല; അവന്റെ നിയമത്തോട് അവർ വിശ്വസ്തത കാണിച്ചതുമില്ല.** വിശ്വാസത്തിൽ സ്ഥിരതയും തുടർച്ചയും ഇല്ലാതെ ഇരുന്നതുകൊണ്ട് തന്നെയാണ് ദൈവത്തിന്റെ നിയമത്തോട് അവൻ അവിശ്വസ്തത കാണിച്ചത്. ഒരു മാസികയിൽ രസകരമായ ഒരു ലേഖനം തുടരുമെന്ന കുറിപ്പോടെ അവസാനിക്കുന്നത് പോലെയാണ് ദൈവത്തിന്റെ കൃപാദാനങ്ങൾ. അവ തീർന്നാലും പിന്നെയും തുടരുമെന്നുള്ള പ്രതീക്ഷയോടിരിക്കുന്നതാണ് വിശ്വാസം.സ്പർജൻ സൂചിപ്പിച്ചതുപോലെ ദൈവത്തിന്റെ കരുണയും അത്ഭുത പ്രവൃത്തികളും അറുതിയില്ലാത്ത ഗ്രന്ഥാവലിയാണ്. ആ മഹാഗ്രന്ഥത്തിന്റെ ഓരോവശവും ഓരോ വർഷങ്ങളാണ്. മനുഷ്യന്റെ ഐഹികായുസിൽ അതിലൊരു വാല്യത്തിന്റെ എഴുപതോ എൺപതോ ഏറിയാൽ നൂറ് പേജുകൾ മാത്രമാണ് ഒരുവൻ വായിച്ചു തീർ ക്കുന്നത്. എത്ര യോവശങ്ങളും അ ധ്യായങ്ങളും വാല്യങ്ങളുമാണ് ഇനിയും നമുക്ക് വായിച്ചു തീർക്കാൻ അവശേഷിക്കുന്നത്?






# ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾ സുരക്ഷിതരോ?

ഛത്തീസ്ഗഡിൽ അറസ്റ്റു ചെയ്യപ്പെട്ട രണ്ടു കന്യാസ്ത്രീകൾക്കും ജാമ്യം കിട്ടിയതിന്റെ ക്രെഡിറ്റ് ഏതു രാഷ്ട്രീയപ്പാർട്ടിക്ക് അവകാശപ്പെട്ടതാണ് എന്നതിലാണ് കേരളത്തിൽ ഇപ്പോൾ ചാനൽ ചർച്ചകൾ നടക്കുന്നത്!

കന്യാസ്ത്രീകൾ അറസ്റ്റു ചെയ്യപ്പെട്ടത് അവരുടേമേൽ ആരോപിക്കപ്പെട്ട നിർബന്ധിത മതപരിവർത്തനം മനുഷ്യക്കടത്ത് എന്നീ ഗുരുതരമായ കുറ്റകൃത്യങ്ങളുടെ പേരിലാണ്! അവരുടേമേൽ ഈ ഗുരുതരമായ കുറ്റകൃത്യങ്ങൾ ആരോപിച്ച് എഫ്.ഐ.ആർ സമർപ്പിച്ചത് ഛത്തീസ്ഗഡ് പൊലീസാണ്.

അതിനു കാരണമായ സംഭവം, ദുർഗ് റെയിൽവേ സ്റ്റേഷനിൽ കന്യാസ്ത്രീകളോടൊപ്പം കാണപ്പെട്ട് ട്രൈബൽ വിഭാഗത്തിൽപ്പെട്ട യുവതികളാണ്. അവർ കന്യാസ്ത്രീകളുടെ സ്ഥാപനത്തിൽ ജോലി ചെയ്യാൻ എത്തിയ പ്രായപൂർത്തിയായ ക്രിസ്ത്യൻ പെൺകുട്ടികളായിരുന്നു! അവരോടൊപ്പം അവരിൽ ഒരാളുടെ സഹോദരനും ഉണ്ടായിരുന്നു.

അയാളും ക്രിസ്തുമത വിശ്വാസിയാണ്. യുവതികളുടെ പക്കൽ അവരുടെ മാതാപിതാക്കളുടെ സമ്മതപത്രം ഉൾപ്പെടെ, ഛത്തീസ്ഗഡ് സംസ്ഥാനത്തിലെ നിയമം അനുശാസിക്കുന്ന എല്ലാവിധ തിരിച്ചറിയൽ രേഖകളും ഉണ്ടായിരുന്നു! ഇങ്ങനെയൊക്കെയാണ് കാര്യങ്ങളെങ്കിലും ഇന്ത്യൻ റെയിൽവേയിലെ ഒരു റ്റി റ്റി ഈ, കന്യാസ്ത്രീകളോടൊപ്പം ട്രൈബൽ യുവതികളെ കണ്ടു എന്ന കാരണത്താൽ പ്രദേശത്തുള്ള ബജറങ്ദൾ പ്രവർത്തകരെ വിളിച്ചു വരുത്തി കന്യാസ്ത്രീകളെയും ഒപ്പമുണ്ടായിരുന്നവരെയും അവരുടെ കുറ്റ വിചാരണക്കു വിടുകയായിരുന്നു എന്നത് നമ്മുടെ പബ്ലിക്ക് ട്രാൻസ്പോർട് സംവിധാനം എത്തിനിൽക്കുന്ന അപകടകരമായ അവസ്ഥ തുറന്നു കാട്ടുന്നതാണ്. കന്യാസ്ത്രീകളെ ജനക്കൂട്ടം വിചാരണ നടത്തി, അവർ കുറ്റവാളികളാണ് എന്നു തീരുമാനമെടുത്തതിന്റെ പശ്ചാത്തലത്തിലാണ് പോലീസ് അവർക്കെതിരെ എഫ്.ഐ.ആർ തയ്യാറാക്കിയത്! അന്വേഷണവും കുറ്റാരോപണവുമെല്ലാം ബജരങ്ദൾ പ്രവർത്തകർ എന്നവകാശപ്പെടുന്ന ജനക്കൂട്ടത്തിന്റെതായിരുന്നു എന്ന ഞെട്ടിക്കുന്ന യാഥാർത്ഥ്യമാണ് പുറത്തു വന്നിരിക്കുന്നത്!

പോലീസ് അവയെല്ലാം അപ്പാടെ അംഗീകരിച്ചു കുറ്റപത്രം തയ്യാറാക്കി എഫ്.ഐ.ആർ സമർപ്പിച്ചു! സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രി അതു ശരിവച്ചു എക്സിൽ പോസ്റ്റിട്ടു!

മറ്റൊരു സ്റ്റാൻസ്വാമി എപ്പിസോഡിനുള്ള വകുപ്പുകളെല്ലാം തയ്യാറായിരുന്നു! അറസ്റ്റിലായ കന്യാസ്ത്രീകൾ ജയിലറക്കുള്ളിൽ പുറം ലോകം കാണാതെ ശിഷ്ടകാലം കഴിയുമായിരുന്ന ഒരു സംഭവം വളരെപ്പെട്ടന്നു മറ്റൊരു ദിശയിലേക്ക് ഗതിമാറുന്ന കാഴ്ചയാണ് പിന്നീടു ലോകം കണ്ടത്! അതിനു പ്രധാന കാരണം, കേരളത്തിൽ രൂപംകൊണ്ടുവരുന്ന സവിശേഷമായ ചില രാഷ്ട്രീയ സാഹചര്യങ്ങളും തെരഞ്ഞടുപ്പു തൊട്ടു മുന്നിൽ നിൽക്കുന്ന രാഷ്ട്രീയ പശ്ചാത്തലവും തന്നെയാണ്! ബിജെപി, കേരള രാഷ്ട്രീയത്തിൽ മുൻപെന്നത്തേക്കാളും നിർണ്ണായകമായ ഒരു സാന്നിധ്യമായി മാറുകയും ക്രിസ്ത്യൻ സമുദായത്തിൽ അവരുടെ സ്വാധീനം വർധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്ന തിരിച്ചറിവ്, പരമ്പരാഗത രാഷ്ട്രീയ സഖ്യങ്ങളിൽ വരുത്തിയിട്ടുള്ള അമ്പരപ്പ് ചെറുതല്ല!

ഇത്തരമൊരു രാഷ്ട്രീയ പശ്ചാത്തലമാണ് കോൺഗ്രസ്സ്-കമ്യൂണിസ്റ്റു മുന്നണികളെ കന്യാസ്ത്രീകളുടെ രക്ഷകരായി മുന്നിട്ടിറങ്ങാൻ നിർബന്ധിതരാക്കിയത് എന്നത് രാഷ്ട്രീയത്തിന്റെ ബാലപാഠമറിയുന്ന ഏവർക്കും അറിയാം. കേരളത്തിൽ ക്രൈസ്തവ സന്യസ്ഥ അവഹേളനത്തിന്റെ കക്കുകളി നടത്തിയും, സന്യസ്ഥ ജീവിതത്തെ താറടിച്ചു കാട്ടിയും, ക്രിസ്ത്യൻ സമുദായത്തെ മൈനോരിറ്റികളിൽ മൈക്രോ എന്ന നിലയിൽ അവഗണിച്ചും, രാഷ്ട്രീയ നിലപാടെടുത്തിരുന്ന ഇരുമുന്നണികളും ഛത്തീസ് ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീകളെ "ഹിന്ദുത്വ ഭീകരത"യിൽനിന്നും രക്ഷിക്കുന്നതിനു മുന്നിട്ടുറങ്ങിയത്, ക്രൈസ്തവ സ്നേഹകൊണ്ടോ കന്യാസ്ത്രീകൾ ഉൾപ്പെട്ട ക്രൈസ്തവ സഭകൾ ഇന്ത്യയിൽ ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യത്വപരമായ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ആകൃഷ്ഠരായതുകൊണ്ടോ ആണ് എന്നു ചിന്തിക്കുന്നവരുണ്ടാകാമെങ്കിലും അതിന്റെ "രാഷ്ട്രീയം" വളരെ വ്യത്യസ്തമാണ്!

ഇവിടെ ഒരു കാര്യം വളരെ സ്പഷ്ടമാണ്: ഒന്നാമതായി, കന്യാസ്ത്രീകളെ ഇരുമ്പഴിക്കുള്ളിലാക്കിയ സംഘപരിവാറിന്റെ ന്യൂനപക്ഷ വിരുദ്ധ രാഷ്ട്രീയം, കേരളത്തിന്റെ ബി ജെ പി വിരുദ്ധ രാഷ്ട്രീയ പശ്ചാത്തലത്തിൽ തുറന്നു കാണിക്കപ്പെട്ടു!

രണ്ടാമതായി, കേരളത്തിൽ രാഷ്ട്രീയ നേട്ടമുണ്ടാക്കണം എന്ന സംഘപരിവാർ-ബി ജെ പി താല്പര്യങ്ങൾ, കന്യസ്ത്രീകൾക്കൊപ്പം നിൽക്കാൻ കേരള ബി ജെ പി ഘടകത്തെ ഒരു പരിധിവരെയങ്കിലും നിർബന്ധിതമാക്കി!

ഈ രണ്ടു രാഷ്ട്രീയ താൽപ്പര്യങ്ങളുടെ ഏറ്റുമുട്ടലുകൾ, കന്യാസ്ത്രീകളുടെ മോചനം യാഥാർത്ഥ്യമാക്കി! ക്രൈസ്തവ സഭകൾ, പതിവുപോലെ, പ്രാർത്ഥനായജ്ഞങ്ങളും പ്രതിഷേധങ്ങളും നിവേദനങ്ങളും ചില രോഷ പ്രകടനങ്ങളും നടത്തി! അവർ, നിയമപരവും ഭരണഘടനാ പരവുമായ മാർഗങ്ങളിൽ, നിവേദനങ്ങളും അഭ്യർത്ഥനകളും ഭരണകൂടത്തിനു മുൻപിൽ സമർപ്പിച്ചു!

ഒടുവിൽ, സ്റ്റാൻസ്വാമിക്കു സംഭവിച്ചതും ഇപ്പോഴും നൂറു കണക്കിനു മിഷനറി പ്രവർത്തകർ നേരിടുന്നതുമായ, വിചാരണ കൂടാതെയുള്ള അന്യായ തടങ്കലിൽനിന്നും രണ്ടു കന്യാസ്ത്രീകൾ, ഭാഗ്യംകൊണ്ടും സാഹചര്യങ്ങളുടെ സവിശേഷതകൾകൊണ്ടും രക്ഷപ്പെട്ടു തടവറയിൽനിന്നും പുറത്തു വന്നു!

ഇതിൽ സഭയും ക്രൈസ്തവ സമൂഹങ്ങളും ആശ്വാസവും പ്രത്യാശയും അനുഭവിക്കുന്നുണ്ടെങ്കിൽ, അതു നൈമിഷികം മാത്രമാണ്!ഇന്നത്തെ ഇന്ത്യയിൽ, ഇനിയും സ്റ്റാൻസ്വാമികൾ തടവറയിൽ മരിക്കും! ഇനിയും റാണി മരിയമാർ ആൾക്കൂട്ട വിചാരണക്കും കൊലപാതകത്തിനും ഇരയാകും! ഇനിയും ഗ്രഹാംസ്റ്റെയിൻസുമാർ കുടുംബത്തോടൊപ്പം ചുട്ടു കൊല്ലപ്പെടും! ഇനിയും ഖാണ്ഡമാലുകളുടെ കൂട്ട കൊ ലപാതകങ്ങൾ അരങ്ങേറും!ഒരോ ക്രിസ്ത്യാനിയും കുരിശും കുരിശു മരണവും മുന്നിൽക്കണ്ടു ജീവിക്കേണ്ട സാഹചര്യം ഇന്ത്യയെന്ന മഹാ രാജ്യത്തു നിലനിൽക്കുന്നു!

സഭാപിതാക്കന്മാരും രാഷ്ട്രീയ പാർട്ടികളും ഈ യാഥാർത്ഥ്യം തിരിച്ചറിയുന്നുണ്ടോ? മതേതര ജനാധിപത്യത്തിന്റെ ലോകോത്തര മാതൃകയായ നമ്മുടെ മാതൃഭൂമിയിൽ, ന്യൂനപക്ഷങ്ങൾക്ക്, വിശിഷ്യാ ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കു നാളെകളിൽ, ഭയരഹിതരായി ജീവിക്കാൻ കഴിയുമോ?






# പ്രത്യാശ തീരത്ത്

### സിസ്റ്റർ ലീലാമ്മ ജോർജ്



**കൊട്ടാരക്കര:** ഓടനാവട്ടം ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ ലീലാമ്മ ജോർജ് (79) ആഗസ്റ്റ് 6 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 7 ന് ഓടനാവട്ടം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

**മക്കൾ:** ബ്രദർ സണ്ണി ജോർജ് & സിസ്റ്റർ ജൂനോ സണ്ണി, ബ്രദർ സജി ജോർജ് & സിസ്റ്റർ ജെസ്സി ജോർജ്.

### ബ്രദർ ചാർലി ജോസഫ്



**മുംബൈ:** ദോഹ അസംബ്ലിയിലെ മുൻ അംഗം ബ്രദർ ചാർലി ജോസഫ് (81) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 13 ന് ചാർകോപ്പ് സെമിത്തേരിയിൽ സംസ്കരിച്ചു.

### ബ്രദർ അബ്രഹാം കെ. എസ്.



**പുതുപ്പാടി:** ബ്രദർ അബ്രഹാം കെ. എസ്. കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് പുതുപ്പാടി ബ്രദറൺ സഭ സെമിത്തേരിയിൽ ചേർക്കപ്പെട്ടു. ശസംസ്കാരം നടത്തി.

### ബ്രദർ ടി.എ. ജോസഫ്



**ചെങ്ങന്നൂർ:** പുത്തൻകാവ് ബ്രദറൺ അസംബ്ലി അംഗം ബ്രദർ ടി. എ. ജോസഫ് (തങ്കച്ചൻ-76) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ പുത്തൻകാവ് ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭാര്യ:** സിസ്റ്റർ ലീലാമ്മ ജോസഫ്.

**മക്കൾ:** സിസ്റ്റർ ടോണിയ സാമുവൽ & ഇവാ. സാമുവൽ തോമസ്, സിസ്റ്റർ താനിയ രാകേഷ് & ബ്രദർ രാകേഷ് എസെക്കിയൽ മോഹൻ.

### സിസ്റ്റർ പ്രീത ജി.



**തിരുവനന്തപുരം:** കൊല്ലിയോട് ബ്രദറൺ സഭയിലെ വിശ്വാസിയായ ബ്രദർ ശ്രീകുമാറിന്റെ ഭാര്യ സിസ്റ്റർ പ്രീത ജീ. (44) ആഗസ്റ്റ് 11 ന് കർത്തൃസന്നിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ കാരക്കോണം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

### ബ്രദർ പി. കെ. ജോസഫ്



**വാളക്കുഴി:** മടുക്കപ്പുഴ സഭ അംഗം ബ്രദർ പി. കെ. ജോസഫ് (കൊച്ചുകുഞ്ഞ് 77) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മടുക്കപ്പുഴ സെമിത്തേരിയിൽ സംസ്കരിച്ചു.

### ബ്രദർ ചാക്കോ ഫിലിപ്പ് എം.



**ചെങ്ങന്നൂർ:** പുത്തൻകാവ് ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ ചാക്കോ ഫിലിപ്പ് എം. (പാപ്പച്ചൻ 94) ആഗസ്റ്റ് 5 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 9 ന് പുത്താൻകാവ് ബ്രദറൺ സെമിത്തേരിയിൽ നടത്തി.

**ഭാര്യ:** പരേതയായ ലീലാമ്മ ചാക്കോ.

**മക്കൾ:** സിസ്റ്റർ അനില ജേക്കബ്, ബ്രദർ രാജൻ ടി. ജോർജ്, ബ്രദർ സുനിൽ ഫിലിപ്പ് ജേക്കബ്, സിസ്റ്റർ സൂസൻ ഫിലിപ്പ്, ബ്രദർ സുരേഷ് ജോർജ് ജേക്കബ്, സിസ്റ്റർ അനു മാത്യു, പരേതനായ അനീഷ് തോമസ് ജേക്കബ്, സിസ്റ്റർ ബ്ലെസി ജേക്കബ്.

### ബ്രദർ സി. എസ്. പുന്നൂസ്



**കോട്ടയം:** മുക്കൂട്ടുതറ ബ്രദർ അസംബ്ലി അംഗം ബ്രദർ സി. എസ്. പുന്നൂസ് (88) ആഗസ്റ്റ് 4 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മുക്കൂട്ടുതറ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭാര്യ:** പരേതയായ അച്ചാമ്മ പുന്നൂസ്.

**മക്കൾ:** ബ്രദർ പ്രകാശ് പുന്നൂസ്, സിസ്റ്റർ സൂസൻ.

### ബ്രദർ ബോബൻ



**പറവട്ടാനി:** ബ്രദർ ബോബൻ (71) ആഗസ്റ്റ് 7 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 8 ന് പറവട്ടാനി ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു.

### സിസ്റ്റർ അന്നമ്മ മാത്യു



**കൊട്ടാരക്കര:** വില്ലങ്ങര ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ അന്നമ്മ മാത്യു (105) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ വില്ലങ്ങരയിലെ ബ്രദറൺ അസംബ്ലിയുടെ സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭർത്താവ്:** പരേതനായ മാത്യു പി. ജോൺ.

**മക്കൾ:** സിസ്റ്റർ ഗ്രേസിയാമ്മ പി. എം. & ബ്രദർ ജി. ജോൺ, സിസ്റ്റർ ജോയമ്മ എം.എം. & ബ്രദർ സാംസൺ ഹെന്ററി, ബ്രദർ ജോൺ എം.എം. & സിസ്റ്റർ ലീലാമ്മ ജോൺ, പരേതനായ സൈമൺ എം.എം. & സിസ്റ്റർ കുഞ്ഞമ്മ സൈമൺ, ബ്രദർ വർഗീസ് എം. എം. & സിസ്റ്റർ ആലീസ് വർഗീസ്, ബ്രദർ ജേക്കബ് എം. എം. & സിസ്റ്റർ രമണി ജേക്കബ്.

### ബ്രദർ കെ. ജെ. ജോൺ



**കോട്ടയം:** പയ്യപ്പാടി ബ്രദറൺ സഭയിലെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ കെ.ജെ. ജോൺ (77) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 5 ന് പയ്യപ്പാടി ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭാര്യ:** സിസ്റ്റർ അന്നമ്മ ജോൺ.

**മക്കൾ:** ബ്രദർ ജോൺ & സിസ്റ്റർ ആനി ജോസഫ്, ബ്രദർ റോണി ജോൺ & സിസ്റ്റർ അനു റോണി, ബ്രദർ റോയി ജോൺ & സിസ്റ്റർ സിന്ധു റോയി.

### ബ്രദർ വി.എസ്. മാമ്മൻ



**വെറ്റില:** ബ്രദർ വി. എസ് മാമ്മൻ (84) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ കൊച്ചിയിലെ മാമല ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭാര്യ:** സിസ്റ്റർ കുഞ്ഞമ്മ മാമ്മൻ.

**മക്കൾ:** ബ്രദർ എം. പോൾ സാമുവൽ & സിസ്റ്റർ ഷെറിൻ, ബ്രദർ എം. ജോബ് സാമുവൽ & സിസ്റ്റർ ജെന്നിഫർ, ബ്രദർ എം. എബ്രഹാം സാമുവൽ & സിസ്റ്റർ നിഷി.

### ബ്രദർ ജേക്കബ് ചെറിയാൻ



**പത്തനംതിട്ട:** കോയിപ്പുറം ബ്രദറൺ അസംബ്ലിയിലെ മുൻ മൂപ്പൻ ബ്രദർ ജേക്കബ് ചെറിയാൻ (കുഞ്ഞുഞ്ഞ് 78) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 6 ന് കോയിപ്പുറം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭാര്യ:** പരേതയായ ജൈനമ്മ ജേക്കബ്.

**മക്കൾ:** ബ്രദർ ജോസെലിൻ & സിസ്റ്റർ റോജി ഫിലിപ്പ്, സിസ്റ്റർ ജോവ്ലിൻ & ബ്രദർ സാമുവൽ.

### സിസ്റ്റർ ജാനു



**പാലക്കാട്:** കൊട്ടേക്കുളം ബ്രദറൺ പള്ളി അംഗം സിസ്റ്റർ ജാനു (95) ആഗസ്റ്റ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ കോട്ടേക്കുളം ബ്രദറൺ അസംബ്ലിയുടെ സെമിത്തേരിയിൽ സംസ്കരിച്ചു.

### സിസ്റ്റർ കുഞ്ഞുമ്മു ജോൺ



**പെരിങ്ങോട്:** സിസ്റ്റർ കുഞ്ഞുമ്മു ജോൺ (88) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 15 ന് കുന്നംകുളം നാഗൽ സെമിത്തേരിയിൽ സംസ്കരിച്ചു.

### ബ്രദർ ചാർലി ചാക്കോ



**മൈലപ്ര:** ബാംഗ്ലൂർ ബെഥെസ്ഡ അസംബ്ലി അംഗം ബ്രദർ കെ. ജി. ചാക്കോയുടെ മകൻ ബ്രദർ ചാർലി ചാക്കോ ആഗസ്റ്റ് 6 ന് കർത്തൃസന്നിധിലിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 9 ന് ബാംഗ്ലൂരിലെ ഹൊസൂർ റോഡിലെ ഗേറ്റ് # 1 ലെ ഇന്ത്യൻ ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു.

### ബ്രദർ ഗീവർഗീസ് ജോർജ്




**പൂയപ്പള്ളി:** പൂയപ്പള്ളി ബ്രദറൺ അസംബ്ലി അംഗം ബ്രദർ ഗീവർഗീസ് ജോർജ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശൂഷ നടത്തി.

**ഭാര്യ:** പരേതയായ ആലിക്കുട്ടി ജോർജ്.

**മക്കൾ:** ബ്രദർ സാജു ജോർജ് & സിസ്റ്റർ ഉഷ, ബ്രദർ ബെൻസിലി ജോർജ് & സിസ്റ്റർ ഷീജ, ബ്രദർ റോയ് ജോർ & സിസ്റ്റർ ഷിബി, സിസ്റ്റർ ഷെർലി ജോർജ് & ബ്രദർ ജോസ് ബേബി.

### ബ്രദർ എം.വി. സാമുവൽ



**സിംഗപ്പൂർ:** ബ്രദർ എം. വി. സാമുവൽ ആഗസ്റ്റ് 16 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

**ഭാര്യ:** സിസ്റ്റർ കുഞ്ഞമ്മ സാമുവൽ.


**മക്കൾ:** സിസ്റ്റർ ജെയ്ൻ മേരി ജോർജ് & ബ്രദർ ജോർജ് വർഗീസ്, സിസ്റ്റർ ജെസ്സി ആൻ സാമുവൽ, സിസ്റ്റർ ജൂഡി പ്രേം സാമുവൽ & ബ്രദർ ഹോ വാർഡ് ഗൺ, സിസ്റ്റർ ജൂലി സാമുവൽ.

### ബ്രദർ മഹേന്ദ്ര കുമാർ നാഗ്



**ഒഡീഷ:** ബ്രദർ മഹേന്ദ്ര കുമാർ നാഗ് ആഗസ്റ്റ് 9 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 9 ന് ഒഡീഷ പുരി ബാപ്റ്റിസ്റ്റ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### ബ്രദർ പി. എസ്. കോരുത്



**വയനാട്:** കൊയിലേരിയിലെ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് അംഗം ബ്രദർ പി. എസ്. കോരുത് (തങ്കച്ചൻ -86) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് ചേറ്റപ്പലം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

**ഭാര്യ:** സിസ്റ്റർ ആലിയമ്മ കോരുത്.

**മക്കൾ:** സിസ്റ്റർ സൂസൻ & ബ്രദർ ജോസ് മാത്യു, സിസ്റ്റർ വൽസ & ബ്രദർ ജേക്കബ് സരൺ, സിസ്റ്റർ ലീലാമ്മ & ബ്രദർ പ്രസാദ്, ബ്രദർ റെജി കോരുത് & സിസ്റ്റർ ബെറ്റ്സി.

### സിസ്റ്റർ എലാമ്മ സാമുവൽ



**ബാംഗ്ലൂർ:** പരേതനായ ബ്രദർ സി. എം. സാമുവലിന്റെ ഭാര്യ സിസ്റ്റർ ഏലമ്മ സാമുവൽ (93) ആഗസ്റ്റ് 10 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 16 ന് ബാംഗ്ലൂർ ക്രിസ്ത്യൻ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ സംസ്കരിച്ചു.

### സിസ്റ്റർ ജി. എസ്തർ കൃഷ്ണമ്മാൾ



**മധുര:** സിസ്റ്റർ ജി. എസ്തർ കൃഷ്ണമ്മാൾ ആഗസ്റ്റ് 16 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ആഗസ്റ്റ് 17 ന് സ്വവസതിയിൽ നടത്തി.



# പ്രാർത്ഥന – സഹായം

## പ്രാർത്ഥനാ സഹായം

### നവജാത ശിശുവിനായ് പ്രാർത്ഥിക്കാം

**ആന്ധ്രപ്രദേശ്:** സിസ്റ്റർ എസ്തർ റാണിയുടെ കുഞ്ഞിനുവേണ്ടി പ്രാർത്ഥിക്കുക. സിസ്റ്റർ എസ്തർ ആഗസ്റ്റ് 4 ന് ഒരു ആൺകുഞ്ഞിന് ജന്മം നൽകുകയും തുടർന്ന് നവജാത ശിശുവിന്റെ ശ്വാസകോശം ശരിയായി വികസിച്ചിട്ടില്ല എന്നും, ഹൃദയത്തിൽ രണ്ട് ദ്വാരങ്ങളുമുണ്ട് എന്ന് ഡോക്ടർമാർ അറിയിക്കുകയും ഗുണ്ടൂരിലെ ആശുപത്രിയിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തു. നിലവിൽ സുഖം പ്രാപിക്കുകയും സി.പി.എ.പി മെഷീനിലാണ് കിടത്തിയിരിക്കുന്നത്. ഈ കുടുംബത്തെ സഹായിക്കാൻ വിശ്വാസികളോടും സഭകളോടും അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ദയവായി ബന്ധപ്പെടുക: ബ്രദർ ജെ ദേവദാസ്: +91 8106857316, ബ്രദർ ജംഗ സുധാകർ ബാബു: +91 7981763411.

### ശ്വാസമുട്ടലിനെ തുടർന്ന് ആശുപത്രിയിൽ

**തീയാടിക്കൽ :** ബ്രദർ കെ. കെ. ശമുവേലുവേണ്ടി പ്രാർത്ഥിക്കുക. വലികുന്നം ബ്രദറൺ സഭാംഗമായ ബ്രദർ കെ. കെ. ശമുവേൽ ശ്വാസംമുട്ടലിനെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചിരിക്കുന്നു. ഇപ്പോൾ ഓക്സിജന്റെ സഹായത്തോടെയാണ് കഴിയുന്നത്. കഫക്കെട്ട് നെഞ്ചിൽ കെട്ടിക്കിടക്കുന്നത് കാരണം ശരീരത്തിന്റെ ഒരു ഭാഗം കിഴിച്ച് ട്യൂബിട്ട് കഫം എടുത്തുകൊണ്ടിരിക്കുകയാണ്. തുടർന്ന് അദ്ദേഹത്തിനുവേണ്ടി പുർണ്ണ സൗഖ്യത്തിനായും സഹായത്തിനായും ദൈവജനം പ്രാർത്ഥിക്കുക. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക: ബ്രദർ ജോയ്സ് ജോൺസൺ- 7511134704, ബ്രദർ കൊച്ചുമോൻ മത്തായി-9744672285, ഇവാ.അനീഷ് പി. തോമസ് -9947368072.

## ബ്രദർ എം. പി. ജോർജിനുവേണ്ടി പ്രാർത്ഥിക്കുക

**തിരുവനന്തപുരം:** ബ്രദർ എം. പി. ജോർജിനുവേണ്ടി പ്രാർത്ഥിക്കുക. ആദ്ദേഹത്തിന് ആഗസ്റ്റ് 1 ന് ഓക്സിജൻ സാച്ചുറേഷനും പൾസും കുറഞ്ഞതിനെ തുടർന്ന് തിരുവല്ലയിലെ ടി.എം.എം ആശുപത്രിയിലേക്ക് പ്രവേശിപ്പിച്ചു. രക്തത്തിൽ അണുബാധയുള്ളതിനാൽ തലച്ചോറിന്റെയും ശരീരത്തിന്റെയും സിടി സ്കാൻ നടത്തിയതിനു ശേഷം പെട്ടെന്നുള്ള ശ്വാസതടസ്സത്തിന് കാരണമായ പൾമണറി എംബോളിസം (ശ്വാസകോശത്തിൽ കട്ടപിടിക്കൽ) ഡോക്ടർമാർ കണ്ടെത്തുകയും ചെയ്തു. നിലവിൽ അദ്ദേഹത്തിന്റെ വലത് ശ്വാസകോശം ചെറുതാകുന്നതിനും സാച്ചുറേഷൻ കുറയുന്നതിനും കാരണമാകുന്ന അധിക വായു പുറന്തള്ളുന്നതിനായി ഒരു ICD (ഇന്റർകോസ്റ്റൽ ഡ്രെയിനേജ്) ട്യൂബ് സ്ഥാപിച്ചു. അദ്ദേഹത്തിന് സാച്ചുറേഷൻ 88 ആയി കുറഞ്ഞതിനാൽ ഐസിയുവിലേക്ക് മാറ്റുകയും പിന്നീട് സാച്ചുറേഷൻ 100 ആയി ഉയർന്നു. അദ്ദേഹത്തിനുവേണ്ടി ദയവായി എല്ലാവരും പ്രാർത്ഥിക്കുക.

## പ്രാർത്ഥനയ്ക്ക് നന്ദി, തുടർന്നും പ്രാർത്ഥിക്കുക

**യു.കെ:** മാഞ്ചസ്റ്ററിലെ എബിനേസർ ക്രിസ്ത്യൻ ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ തോമസ് ബേബിക്കുവേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹത്തിന് ഇടതുവശത്തുള്ള സെറിബ്രോവാസ്കുലർ (സ്ട്രോക്ക്) ഉണ്ടായി. നിലവിൽ പ്രെസ്റ്റൺ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന് വലതുവശത്ത് ബലഹീനത അനുഭവപ്പെട്ടു. നിലവിൽ ചില പുരോഗതി കാണുതിൽ അദ്ദേഹം എല്ലാവർക്കും ആത്മാർത്ഥമായ നന്ദി അറിയിച്ചു. തുടർന്നും പൂർണ്ണമായ രോഗശാന്തിക്കായി ഏവരും പ്രാർത്ഥിക്കുക.

## സിസ്റ്റർ ബെറ്റിയ്ക്കുവേണ്ടി പ്രാർത്ഥിക്കുക

**ബീഹാർ:** സിസ്റ്റർ ബെറ്റി കുര്യനുവേണ്ടി പ്രാർത്ഥിക്കുക. സിസ്റ്റർ ബെറ്റിക്ക് ഗ്രേഡ് 2 സ്തനാർബുദം ഇൻവേസിവ് ഡക്ടൽ കാർസിനോമ (ഐഡിസി) ആണെന്നും 25 സെഷനുകൾ റേഡിയേഷൻ ആവശ്യമായി വന്നേക്കാം എന്ന് ഡോക്ടർമാർ അറിയിച്ചു. അടുത്ത ഘട്ടങ്ങൾ പട്നയിലെ പാരസ് HMRI ആശുപത്രിയിൽ നടക്കും. ആഗസ്റ്റ് 6 ന് ആണ് ശസ്ത്രക്രിയ നടത്തുവാൻ തീരുമാനിച്ചത്. സിസ്റ്റർ ബെറ്റിയും അവരുടെ കുടുംബത്തിനും വേണ്ടിയും ഏവരും പ്രാർത്ഥിക്കുക.

## കാൻസർ ബാധിച്ചതിനെ തുടർന്ന് ശസ്ത്രക്രിയ

**തണ്ണിത്തോട്:** സിസ്റ്റർ മിനി സണ്ണിക്കുവേണ്ടി പ്രാർത്ഥിക്കുക. സിസ്റ്റർ മിനിക്ക് കാൻസർ ബാധിച്ചതിനെ തുടർന്നു കീമോതെറാപ്പി ചികിത്സ പൂർത്തിയാ ക്കുകയും ആഗസ്റ്റ് 7 ന് സെന്റ് ഗ്രിഗോറിയോസ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ആഗസ്റ്റ് 8 ന് പ്രധാന ശസ്ത്രക്രിയ നടത്തണെമെന്ന് ഡോക്ടർമാർ അറിയിച്ചു. ദൈവായി ഏവരും ശസ്ത്രക്രിയക്കും രോഗശാന്തിക്കായും പ്രാർത്ഥിക്കുക.

## ഹൃദ്രോഗത്തെ തുടർന്ന് ആശുപത്രിയിൽ

**ചെങ്ങറ:** ബ്രദർ റ്റി.ജി. എബ്രഹാമിനുവേണ്ടി പ്രാർത്ഥിക്കുക. ആഗസ്റ്റ് 8 ന് അദ്ദേഹത്തിന് ഹൃദയവേദനയെ തുടർന്ന് തിരുവല്ല റ്റി.എം.എം. ആശുപത്രിയിലെ ഐ.സി.യൂവിൽ പ്രവേശിപ്പിച്ചു. ആൻജിയോഗ്രാമിനിമിടെ ഒരു വലിയ ബ്ലോക്ക് കണ്ടെത്തി. ആൻജിയോപ്ലാസ്റ്റി നടത്തി ഒരു സ്റ്റെന്റ് സ്ഥാപിച്ചു. അദ്ദേഹത്തിന് വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കുവാൻ വേണ്ടി ഏവരും പ്രാർത്ഥിക്കുക.

## ബ്രദർ കുഞ്ഞ്കുഞ്ഞ്നു വേണ്ടി പ്രാർത്ഥിക്കുക

**വയനാട്:** ബ്രദർ കുഞ്ഞകുഞ്ഞ്നുവേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹം കഴിഞ്ഞ എട്ട് മാസമായി വീർത്ത പ്രോസ്റ്റേറ്റ് ഗ്രന്ഥി കാരണം യൂറിൻ പോകുന്നതിന് തടസ്സപ്പെട്ടതിനാൽ ഒരു കത്തീറ്റർ ഉപയോഗിച്ചു. ഒരു മാസം മുമ്പ് അദ്ദേഹത്തിന്റെ യൂറിൻ ബാഗിൽ രക്തം കണ്ടതിനാൽ ഡോക്ടർമാർ ശസ്ത്രക്രിയ നടത്തണമെന്ന് അറിയിച്ചു. ഈ ശസ്ത്രിക്രിയക്കു തൊട്ടുമുമ്പ് അദ്ദേഹത്തിനു പനിയും ശ്വാസതടസ്സവും കാരണം യൂറിൻ ബാഗിൽ അണുബാധയെ തുടർന്ന് ശ്വാസകോശത്തിൽ അണുബാധയ്ക്കും കാരണമായി. നിലവിൽ അദ്ദേഹം ഐസിയുവിൽ ചികിത്സയിലാണ്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ആരോഗ്യം മെച്ചപ്പെട്ടെങ്കിൽ മാത്രമേ ശസ്ത്രക്രിയ തുടരാൻ കഴിയൂ. ദയവായി അദ്ദേഹത്തിനുവേണ്ടി ആത്മാർത്ഥമായി ഏവരും പൂർണ്ണ രോഗശാന്തിക്കായി പ്രാർത്ഥിക്കുക.

## ശസ്ത്രക്രിയ്ക്കുവേണ്ടി പ്രാർത്ഥിക്കുക

**ഒഡീഷ:** ഇവാ. സോളമൻ പ്രധാനുവേണ്ടി പ്രാർത്ഥിക്കുക. ബ്രദർ സോളമൻ പ്രോസ്റ്റേറ്റ് ഗ്രന്ഥി, വൃക്കചുരുങ്ങൽ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ചികിത്സയിലായിരുന്നു. ഇപ്പോൾ വെല്ലൂരിലെ സി.എം.സിയിൽ ആശുപത്രിയിൽ ഹെർണിയയുടെ ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയ്ക്കുവേണ്ടി പ്രവേശിപ്പിച്ചു. ആഗസ്റ്റ് 6 ന് ആണ് ശസ്ത്രക്രിയ നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ വിജയകരമായ ശസ്ത്രക്രിയക്കും ആരോഗത്തിനും വേണ്ടി ദയവായി പ്രാർത്ഥിക്കുക.

## വാഹനാപകടത്തെ തുടർന്ന് ആശുപത്രിയിൽ

**കുമ്പനാട്:** ബ്രദർ മാത്യു ജേക്കബനുവേണ്ടി പ്രാർത്ഥിക്കുക. ബ്രദർ മാത്യു വാഹനാപകടത്തെ തുടർന്ന് ആഗസ്റ്റ് 15 ന് യുഎസ്എയിലെ ഡിട്രോയിറ്റിൽ ആശുപത്രിയിൽ പെൽവിക് ഒടിവുകൾക്ക് ഒരു മേജർ ശസ്ത്രക്രിയ വിജയകരമായി കഴിയുകയും പിന്നീട്, അദ്ദേഹത്തിന്റെ മുറിവേറ്റതും പൊട്ടിയതുമായ ഡയഫ്രത്തിന് രണ്ടാമത്തെ അടിയന്തര ശസ്ത്രക്രിയ നടത്തുകയും ചെയ്തു. നിലവിൽ അദ്ദേഹത്തിന് പൂർണ്ണ രോഗശാന്തിക്കുവേണ്ടി ഏവരും പ്രാർത്ഥിക്കുക.

## ഇവാ. സി. എ. ബേബിക്കുവേണ്ടി പ്രാർത്ഥിക്കുക

**കർണാടക:** ഇവാ. സി. എ. ബേബിക്കുവേണ്ടി പ്രാർത്ഥിക്കുക. കഴിഞ്ഞ ഒരു ആഴ്ചയിൽ അദ്ദേഹത്തിന് യൂറിൻ ചലനത്തിൽ ചെറിയ തടസ്സം ഉണ്ടായിരുന്നു. കഴിഞ്ഞ ആഴ്ച മുതൽ അത് അൽപ്പം ഗുരുതരമായി. യൂറിൻ ചലനത്തിൽ ഉണ്ടായ തടസ്സം കാരണം ആഗസ്റ്റ് 12 മുതൽ ശ്വസന പ്രശ്നങ്ങൾ ഉണ്ടായതിനാൽ അദ്ദേഹം മംഗലാപുരത്തെ താര ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ രോഗം കണ്ടെത്തുന്നതിനായി വിവിധ പരിശോധനകൾ നടക്കുന്നു. ശരിയായ രോഗനിർണയത്തിനും വേഗത്തിലുള്ള രോഗശാന്തിക്കും വേണ്ടി പ്രാർത്ഥിക്കുക. ചികിത്സ തുടരുന്നതിന് അദ്ദേഹത്തിന് സാമ്പത്തിക സഹായം ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക: ഇവാ. സി.എ. ബേബി-9483242821, ബ്രദർ റെജി കെ. തോമസ്-+ 91 9449373730.

## ശരീരത്തിലെ അണുബാധയെത്തുടർന്ന് ആശുപത്രിയിൽ

**മുണ്ടക്കയം:** സിസ്റ്റർ ലിറ്റിൽ മിസ് ആഷ്ലിന്റയക്കുവേണ്ടി പ്രാർത്ഥിക്കുക. മിസ് ആഷ്ലിനക്ക് തുടർച്ചയായ കടുത്ത പനി കാരണം തിരുവല്ലയിലെ ടി.എം.എം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നില ഗുരുതരമായി തുടരുകയും കടുത്ത ബലഹീനതയും ക്ഷീണവും ഉള്ളതിനാൽ എംആർഐ സ്കാൻ ചെയ്യുകയും ശരീരത്തിലെ അണുബാധയുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. അണുബാധയുടെ അളവ് സി.ആർ.പി 585 ഡി-ഡൈമർ 14) ഉയർന്നു. മിസ് ആഷ്ലിനക്ക് പൂർണ്ണമായ രോഗശാന്തിക്കും കുടുംബത്തിന് ശക്തിക്കും വേണ്ടി ഏവരും പ്രാർത്ഥിക്കുക.

## രോഗശാന്തിക്കായി പ്രാർത്ഥിക്കുക

**ബീഹാർ:** സിസ്റ്റർ ദേവന്തിക്കുവേണ്ടി പ്രാർത്ഥിക്കുക. ബ്രദർ മൂനില റാമിന്റെ ഭാര്യ സിസ്റ്റർ ദേവന്തിക്കു മൈഗ്രേയൻ തൈറോയ്ഡ് പ്രശ്നങ്ങൾ കാരണം ഗർഭാശയത്തിലെ അണുബാധ തുടർന്ന് കഠിനമായ നീർവീക്കത്തോടുകൂടിയ ഹൈഡ്രോസെൽ ബാധിച്ചിരിക്കുന്നു. നിലവിൽ റക്സോളിലെ ഡങ്കൽ ആശുപത്രിയിൽ ചികിത്സയിലാണ്. ആഗസ്റ്റ് 18 ന് ശസ്ത്രക്രിയ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിജയകരമായ ശസ്ത്രക്രിയക്കു വേണ്ടിയും പൂർണ്ണ രോഗശാന്തിക്കും വേണ്ടി ഏവരും പ്രാർത്ഥിക്കുക.

## ഏകദിന സമ്മേളനം

**റസ്സൽപുരം:** 2025 ആഗസ്റ്റ് 15 ന് വെള്ളി രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ എം.ജെ. ആഡിറ്റോറിയത്തിൽ വച്ചു ഏകദിന സമ്മേളനം നടത്തപ്പെട്ടു. "ക്രിസ്തീയ നടപ്പ്" എന്ന വിഷയത്തെ ആസപദമാക്കിയാണ് ഏകദിന സമ്മേളനം നടത്തിയത്. പ്രസ്തുത യോഗത്തിൽ സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം) ദൈവവചനം ശുശ്രൂഷിച്ചു. ബ്രദറൺ ഗായക സംഘം (തിരുവനന്തപുരം) അവതരിപ്പിക്കുന്ന ഗാന ശുശ്രൂഷയും ഉണ്ടായിരുന്നു.

## പ്രാർത്ഥനാ സംഗമം

**പാലക്കാട്:** സുവിശേഷകൻ ബാലസംഘം നടത്തുന്ന മലബാർ ഡിവിഷന്റെയും പാലക്കാട് സെന്ററിന്റെയും സഹകരണത്തിൽ പ്രാർത്ഥനാ സംഗമം പാലക്കാട് ബ്രദറൺ അസംബ്ലിയിൽ വച്ചു 2025 ആഗസ്റ്റ് 8 ന് രാവിലെ 11 മണി മുതൽ 3 മണി വരെ നടത്തപ്പെട്ടു. ബ്രദർ ജെറോം കുര്യൻ പ്രാർത്ഥനാ സംഗമത്തിൽ സന്ദേശം നൽകുകയും ചെയ്തു.

## പ്രത്യേക യോഗങ്ങൾ

**പട്ടം:** 2025 ആഗസ്റ്റ് 22, 23 (വെള്ളി, ശനി) എന്നീ തീയതികളിൽ വൈകുന്നേരം6.30 മുതൽ 8 മണി വരെ പട്ടം ബ്രദറൺ അസംബ്ലി ഹാൾ വച്ച് പ്രത്യേക യോഗങ്ങൾ നടത്തപ്പെട്ടു. ബ്രദർ ബിനു മാത്യു (അയ്മനം,കോട്ടയം) ആണ് പ്രധാന സ്പീക്കർ.

## സുവിശേഷ പ്രവർത്തനം

**വരാക്കര:** ബ്രദറൺ സഭകളുടെ സഹകരണത്തിൽ നടത്തപ്പെടുന്ന മാസവേല മാസയോഗം എന്ന സുവിശേഷ പ്രവർത്തനം 2025 ആഗസ്റ്റ് 8, 9 (വെള്ളി, ശനി) എന്നീ തീയതിയിൽ വരാക്കര സഭയുടെ സഹകരണത്തിൽ നടത്തപ്പെട്ടു. ഇവാ. പി.ജി. ജയിംസ് (തണ്ണിത്തോട്) ദൈവവചനശുശ്രൂഷ നിർവ്വഹിച്ചു. ഈ വർഷത്തെ പ്രസ്തുത പ്രവർത്തനത്തിൽ ഭവന സന്ദർശനവും ബൈബിൾ ക്ലാസ്സും, പരസ്യയോഗവും, രാത്രിയോഗവും നടത്തപ്പെട്ടു.

## സംയുക്ത സഭായോഗം

**പുത്തൻകാവ്:** 120-ാമത് ബ്രദറൺ ജനറൽ കൺവൻഷൻ കോയിപ്രം എബനേസർ ബ്രദറൺ ചർച്ചിന്റെ ചുമതലയിൽ സംയുക്ത സഭായോഗം 2025 ആഗസ്റ്റ് 31 ഞായർ രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണി വരെ എസ്. ബി. എസ്. ക്യാമ്പ് സെന്റർ പുത്തൻകാവ് വച്ച് നടത്തപ്പെടും. സുവിശേഷകൻ റോബിൻ ബേബി (ജിബി പള്ളിപ്പാട്) വചനശുശ്രൂഷ നിർവ്വഹിക്കും. പ്രസ്തുത യോഗത്തിൽ സഭയിലെ എല്ലാ സഹോദരീ സഹോദരന്മാരും പ്രാർത്ഥനാപൂർവ്വം കടന്നുവരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

## ത്രിദിന വേദപഠനം

**മംഗലത്തുകോണം:** 2025 സെപ്റ്റംബർ 12,13,14 (വെള്ളി,ശനി,ഞായർ)എന്നീ തീയതികളിൽ വൈകുന്നേരം 6 മണി മുതൽ 8.45 വരെ മംഗലത്തുകോണം ബ്രദറൺ സഭാഹാളിൽ വച്ച് ത്രിദിന വേദപഠനം നടത്തപ്പെടും. പ്രസ്തുത യോഗത്തിൽ സുവിശേഷകന്മാരായ ഇട്ടിസാം (മുതുകാട്), എ. അനിലൻ (മണലി), ഡോ. കെ. സി. ജോൺസൺ (മാവേലിക്കര) എന്നിവരുടെ ദൈവവചന ശുശ്രൂഷയും ഉണ്ടായിരിക്കും. സുവി. കെ. ജി. ജോളി (കോവിലൂർ)യുടെ ഗാന ശുശ്രൂഷയും ഉണ്ടായിരിക്കും. കൂടാതെ വെള്ളി, ശനി, ദിവസങ്ങളിൽ പകൽ ക്രമീകരിച്ചിരിക്കുന്ന സുവിശേഷ പ്രവർത്തനങ്ങളിൽ സഹോദരന്മാർ കടന്നു വന്ന് സംബന്ധിക്കണമെന്ന് കർത്തൃനാമത്തിൽ ഓർപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക:

സുവി. ബിനു ആർ വി. -9995927502, ബ്രദർ അനിൽ-9947371835.

## നെടിയവിള ബ്രദറൺ കൺവൻഷൻ

**നെടിയവിള:** 2025 ആഗസ്റ്റ് 29,30,31 (വെള്ളി, ശനി, ഞായർ) എന്നീ തീയതികളിൽ വൈകുന്നേരം 6.30 മുതൽ രാത്രി 9 മണി വരെ ബ്രദറൺ കൺവൻഷൻ നെടിയവിള വച്ച് നടത്തപ്പെടും. സുവി. ബോബി തോമസ് (മുക്കൂട്ടുതറ), സുവി. റ്റി.പി. കനകരാജ് (ശാന്തിപുരം), സുവി. ഷനു ശാമുവേൽ (അടൂർ) എന്നിവർ പ്രസംഗിക്കും. കൂടാതെ ഗാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

## സുവിശേഷ സംഗീത സായാഹ്നം

**വെള്ളൂർ :** 2025 ആഗസ്റ്റ് 15 വെള്ളി വൈകുന്നേരം 6 മണി മുതൽ സുവിശേഷ സംഗീത സായാഹ്നം വെള്ളൂർ തോട്ടപ്പള്ളി നെല്ലിശ്ശേരിൽ ബ്രദർ ബിറ്റു എൻ. ഐപ്പിന്റെ ഭവനാങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത സംഗീത സായാഹ്നത്തിൽ സുവി. പ്രമോദ് തോമസ് സന്ദേശം നൽകുകയും ബ്രദർ ജയിംസ് ജോൺ ഗാനശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു.

## സുവിശേഷഘോഷണവും ഗാനശുശ്രൂഷയും

**ചുരുളിക്കോട് :** പത്തനംതിട്ട-നന്നുവക്കാട് ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷഘോഷണവും ഗാനശുശ്രൂഷയും 2025 ആഗസ്റ്റ് 1 വെള്ളി മുതൽ 3 ഞായർ വരെ ചുരുളിക്കോട് ബ്രദറൺ സഭാങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. 1,2 (വെള്ളി, ശനി) എന്നീ ദിവസങ്ങളിൽ വൈകിട്ട് 6 മണി മുതൽ 8.30 വരെ രാത്രിയോഗങ്ങൾ ഉണ്ടായിരുന്നു.

## സോദരി ക്യാമ്പ്

**പത്തനംതിട്ട:** സോദരി ക്യമ്പ് 2025 സെപ്റ്റംബർ 5, 6 തീയതിയിൽ പത്തനംതിട്ട സുവിശേഷാലയത്തിൽ വച്ച് നടത്തപ്പെടും. സുവി. സന്തോഷ് തോമസും സിസ്റ്റർ റിനു സന്തോഷ് ജാംതാര ആണ് ലീഡേഴ്സ്. "ഭവനം പണിയുന്നവർ" എന്നതാണ് ഈ വർഷത്തെ സോദരി ക്യാമ്പിന്റെ തീം.

## സ്വാദന്ത്ര്യദിന സന്ദേശവും ലഹരിവിരുദ്ധ ബോധവൽകരണ സന്ദേശറാലിയും

**പായിപ്പാട്:** എസ് ബി. എസ്സും വൈ. എം. ഇ. എഫും നടത്തുന്ന ശബരിമാങ്കൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിന സന്ദേശവും ലഹരിവിരുദ്ധ ബോധവൽകരണ സന്ദേശറാലിയും 2025 ആഗസ്റ്റ് 15 വെള്ളിയാഴ്ച രാവിലെ 8 മണിക്ക് വാളക്കുഴിയിൽ നിന്ന് ആരംഭിച്ച് വെണ്ണിക്കുളം, ഇരവിപേരൂർ, തോട്ടഭാഗം, കോട്ടൂർ എന്നീ റൂട്ടിൽ 10 സ്ഥലങ്ങളിൽ നടത്തി വൈകുന്നേരം 7 മണിക്ക് പായിപ്പാട് സമാപിച്ചു.

## 2025 യുവജന കുടുംബ സമ്മേളനം

**ഷാർജ:** വൈ.എം.ഇ.എഫ് ഷാർജ ബ്രദറൺ അസം ബ്ലിയുടെ സംഘാടനം നടത്തപ്പെടുന്ന 2025 യുവജന കുടുംബ സമ്മേളനം സെപ്റ്റംബർ 13 ശനിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചക്ക് 1.30 വരെ ഷാർജ യൂണിയൻ ചർച്ചിൽ വച്ച് നടത്തപ്പെടും. "വിശ്വസ്ത കുടുംബങ്ങൾ, ഫലപ്രദമായ ദൗത്യം" എന്നതാണ് കുടുംബ സമ്മേളനത്തിൽ തീം. പ്രമേയ അവതരണം ഇവാ. സജീവ് വർഗീസാണ് നിർവ്വഹിക്കുന്നത്.

## തലമുറകളുടെ സംഗമം

**പുത്തൻകാവ്:**സുവിശേഷകൻ ബാലസംഘം അവതരിപ്പിക്കുന്ന തലമുറകളു ടെ സംഗമം 2025 നവംബർ 6 മുതൽ 8 വരെ എസ്.ബി.എസ് ക്യാമ്പ് സെന്റർ പുത്തൻകാവ് വച്ച് നടത്തപ്പെടും. പ്രസ് തുത യോഗത്തിൽ ചർച്ചകൾ, സെമിനാറുകൾ, പ്രസന്റേഷൻസ്, വർക്ക് ഷോപ്പുകൾ എന്നിവയും നടത്തപ്പെടും.

## ഏകദിന സമ്മേളനവും എസ്.എസ്.എൽ.സി. അവാർഡ് ദാനവും

**നെല്ലിക്കുന്ന്:** സുവിശേഷകൻ ബാല സംഘം തൃശൂർ സെന്റർ ട്രസ്റ്റ് നടത്തുന്ന 5 വയസ്സ് മുതൽ 17 വയസ്സ് വരെയുള്ള കുട്ടികൾക്കായി സംഘടിപ്പിക്കുന്ന ഏകദിന സമ്മേളനവും എസ്.എസ്. എൽ.സി. അവാർഡ് ദാനവും സിയോൺ ബ്രദറൺ ചർച്ച് നെല്ലിക്കുന്ന് വച്ചു 2025 ആഗസ്റ്റ് 28 വ്യാഴം രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ നടത്തപ്പെടും. "ദൈവഭക്തിയും ഈ കാലഘട്ടവും" എന്നതാണ് സമ്മേളത്തിന്റെ തീം. ഇതിൽ പങ്കെടുക്കുവാൻ ഉള്ള കുട്ടികൾ രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ് നൽ കേണ്ടത്. ബ്രദർ ജോർജ് കോശിയാണ് പ്രസ്തുത സമ്മേളനത്തിലെ (മൈലപ്ര) മുഖ്യാതിഥി. നാല് ഗ്രൂപ്പുകളിലായാണ് മത്സരങ്ങൾ നടത്തുന്നത്. A ഗ്രൂപ്പിൽ സംഗീത മത്സരവും അതിൽ 5 വയസ്സ് മുതൽ 8 വയസ്സ് വരെയും, B ഗ്രൂപ്പിൽ വേദപരിചയവും അതിൽ 9 വയസ്സ് മുതൽ 11 വയസ്സ് വരെയും, C ഗ്രൂപ്പിൽ വേദപരിചയവും അതിൽ 12 വയസ്സ് മുതൽ 14 വയസ്സ് വരെയും, D ഗ്രൂപ്പിൽ വേദപരിചയവും അതിൽ 15 വയസ്സ് മുതൽ 17 വയസ്സ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. ഈ സംഗീത മത്സരത്തിൽ ഒരു സഭയിൽ നിന്ന് ഒരു കുട്ടിക്ക് മാത്രം പങ്കെടുക്കുവാൻ പറ്റുകയോള്ളു. സമ്മേളനത്തിൽ ഭക്ഷണവും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കു വേണ്ടി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക:

ബ്രദർ സോജൻ സാമുവൽ: പ്രസിഡന്റ്-9633005242, ബ്രദർ പി.എസ്. ഡാനിയൽ: സെക്രട്ടറി-9388461286
ബ്രദർ ജോജു സൈമൺ: ട്രഷറർ-9447849950

## ബ്രദറൺ സംയുക്ത കൺവൻഷൻ

**തെള്ളിയൂർ :** 2026 ഫെബ്രുവരി 3 ചൊവ്വ മുതൽ 8 ഞായർ വരെ നോയൽ ബ്രദറൺ കൺവൻഷൻ സെന്ററിൽ വച്ച് ബ്രദറൺ സംയുക്ത കൺവൻഷൻ നടത്തപ്പെടും. ബ്രദർ അലക്സ് ശമുവേൽ (തിരുവനന്തുപുരം), സുവിശേഷകന്മാരായ ഡാനിയേൽ വർഗ്ഗീസ് (പുനലൂർ), ജോൺ വർഗ്ഗീസ് (കൊട്ടാരക്കര), ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം), എബി. കെ. ജോർജ് (മല്ലശ്ശേരി) എന്നിവരാണ് കൺവൻഷനിലെ പ്രസംഗകർ.

## പത്തനംതിട്ട ബ്രദറൺ കൺവൻഷൻ 2025 പ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ട സുവിശേഷാലയത്തിന്റെ ചുമതലയിലും, പ്രാദേശിക ബ്രദറൺ സഭകളുടെ സഹകരണത്തിലും 2025 ഡിസംബർ 21 ഞായർ മുതൽ 28 ഞായർ വരെ നടത്തപ്പെടുന്ന കൺവൻഷന്റെ അനുഗ്രഹത്തിനായുള്ള ആഗസ്റ്റ് മാസത്തെ പ്രാർത്ഥനായോഗം ആഗസ്റ്റ് 17 ന് ഞായർ 3.30 മുതൽ മണ്ണാരക്കുളഞ്ഞി സഭയുടെ ആഭിമുഖ്യത്തിൽ പ്രസ്തുത സഭാ ഹാളിൽ വച്ച് നടത്തപ്പെട്ടു.

## ബിബിഐ ജേണൽ

**പത്തനംതിട്ട:** പത്തനംതിട്ടയിലുള്ള ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അർദ്ധ വാർഷിക പ്രസിദ്ധീകരണമാണ് ബിബിഐ ജേണൽ. ബൈബിൾ വീക്ഷണകോണിൽ നിന്നുള്ള ബൈബിളിന്റെയും ബൈബിൾ സിദ്ധാന്തങ്ങളുടെയും പ്രായോഗിക പ്രശ്നങ്ങളുടെയും വിശദീകരണത്തിനായി ഈ ജേണൽ സമർപ്പിച്ചിരിക്കുന്നു.

ബൈബിൾ വിശദീകരണത്തിലും നിലവിലെ ദൈവശാസ്ത്രപരവും ധാർമ്മികവുമായ വിഷയങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന യഥാർത്ഥ പണ്ഡിതോചിതമായ പ്രസിദ്ധീകരിക്കാത്ത ഗ വേഷണ പ്രബന്ധങ്ങൾ ബിബിഐ പ്രസിദ്ധീകരിക്കുന്നു. ദൈവശാസ്ത്രജ്ഞർ, പാസ്റ്റർമാർ, അധ്യാപകർ, ഗൗരവമുള്ള ബൈബിൾ പണ്ഡിതർ എന്നിവരിൽ നിന്നുള്ള ലേഖനങ്ങൾ ഞങ്ങൾ ക്ഷണിക്കുന്നു. വ്യാജ പഠിപ്പിക്കലുകളെ നിരാകരിക്കാനും ബൈബിളിന്റെ ശരിയായ പഠിപ്പിക്കലുകൾ സ്ഥിരീകരിക്കാനും വിശ്വാസികൾക്ക് കഴിയുന്ന തരത്തിൽ തിരുവെഴുത്തുകളുടെ ശരിയായ സിദ്ധാന്തങ്ങൾ സമഗ്രമായി മനസ്സിലാക്കാൻ ബിബിഐ ജേണൽ സഹായിക്കും. പ്രസിദ്ധീകരിക്കാത്ത പണ്ഡിത ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിക്കാൻ താൽപ്പര്യമുള്ളവർക്ക് ചീഫ് എഡിറ്റർ ഡോ. കോശി മാത്യുവിനെ ബന്ധപ്പെടുക:+91 9969881777.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM

Date of Publications : 25.08.2025
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

അക്ഷരത്തിലൂടെ ആത്മാക്കൾ

## യൂത്ത് ബൈബിൾ സ്കൂൾ പത്തനംതിട്ട

**പത്തനതിട്ട:** യൂത്ത് ബൈബിൾ സ്കൂൾ ബാച്ച് 6 ലേക്കുള്ള പ്രവേശനം ആഗസ്റ്റ് 23 ന് ആരംഭിച്ചു. അടിസ്ഥാന ബൈബിൾ ഉപദേശങ്ങളും ആവശ്യ പ്രായോഗിക വിഷയങ്ങളും പഠിപ്പിക്കുന്ന ഒരു ഓൺലൈൻ ബൈബിൾ ക്ലാസ്സാണ് നടത്തപ്പെടുന്നത്. 15 മുതൽ 25 വയസ്സു വരെയുള്ള യുവാക്കൾക്കാണ് മുൻഗണണ നൽകുന്നത്. പഠന മാധ്യമം ഇംഗ്ലീഷും മലയാളവും ആണ്. ദൗത്യവും പാഠ്യപദ്ധതിയും എന്ന വിഷയത്തെ ആസ്പതമാക്കി ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നതിനായി സഭകളിലെ യുവജനങ്ങളെ ബൈബിൾ ഉപദേശങ്ങൾ ഉപയോഗിച്ച് പരിശീലിപ്പിക്കുക, തിരഞ്ഞെടുത്ത സിദ്ധാന്ത വിഷയങ്ങൾ, പ്രായോഗിക സെഷനുകൾ, സെമിനാറുകൾ, ചോദ്യോത്തര സെഷനുകൾ എന്നിവയും അതിലേറെയും കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അദ്വിതീയ സവിശേഷതകൾ എന്ന വിഷയത്തെ ആസ്പതമാക്കി ഹ്രസ്വകാല കോഴ്സ്, എല്ലാ ശനിയാഴ്ചയും രാത്രി 8.45 ന് ഐ.എസ്.ടി.മുതൽ, യുവജന ശുശ്രൂഷയിൽ പരിചയ സമ്പന്നരായ ഫാക്കൽറ്റി, രാജ്യത്തുടനീളം നിലവിലുള്ള വിദ്യാർത്ഥികൾ, കൗൺസിലിംഗും മെന്ററിംഗും ഉണ്ടായിരിക്കും.




SATHYAM PUBLICATIONS
"Your one-stop destination to indulge in the joy of purchasing your Christian favorite books!"

- COMMENTARIES
- THEOLOGICAL BOOKS
- FAMILY & MARRIAGE BOOKS
- STUDY BIBLES
- TEACHING & DISCIPLESHIP
- MISSIONS
- DEVOTIONAL BOOKS
- FICTION STORY BOOKS
- CHILDREN'S BOOKS

VISIT NOW
THOTTABHAGOM P.O.
THIRUVALLA, KERALA

MORE INFO
9447126182,9446513555
www.sathyam.org

HEAD OFFICE
THOTTABHAGOM P.O
THIRUVALLA-689541
KERALA-INDIA
PHN:+91 9447126182
office@sathyamministry.org

BANGALORE OFFICE
3C,989 HRBR Layout,
First Block - 3rd Cross Street
Bangur Pete Pani Puri-Harmavu Junction
Banaswadi - Bangalore- 560043
PHN:+91 9447126182
office@sathyamministry.org

DELHI OFFICE
ALPHA GARDEN
4A PUSA ROAD
OPP. B.L KAPOOR HOSPITAL
GATE NO.1, KAROL BAGH
NW DELHI 110 005
NEAREST METRO STATION
RAJENDRA PLACE

KOLKATA OFFICE
CIRCULAR ROAD
BAPIST CHAPEL
42/43 AJC BOSE
ROAD
KOLKATA 700 016
703 474 9000

## നോയൽ മെമ്മോറിയൽ സ്കൂൾ സ്റ്ററ്റീവാർഡ്സ് അസോസിയേഷൻ ഇൻ ഇന്ത്യ സമ്മേളനം

**ശബരിമാങ്കൽ:** 106 വർഷത്തെ സ്വപ്നസാക്ഷാത്കാരം നോയൽ മെമ്മോറിയൽ സ്കൂൾ സ്റ്ററ്റീവാർഡ്സ് അസോസിയേഷൻ ഇൻ ഇന്ത്യയുടെ അഭിവാജ്യ ഘടകം എന്ന നിലയിൽ നൽകുന്ന പ്രശംസനീയമായ പ്രവർത്തനങ്ങളുടെ ഭാഗമായി ആറാമത് സ്കൂൾ ബസ് ശബരിമാങ്കൽ എൻ.എം.എൽ.പി സ്കൂളിന് കൈമാറുകയും ഫ്ലാഗ് ഓഫ് ഡോ. ബ്രദർ എം.പി. ജോസഫ് (സ്റ്ററ്റീവാർഡ്സ് അസോസിയേഷൻ ഇൻ ഇന്ത്യ ചെയർമാൻ, നോയൽ മെമ്മോരിയൽ സ്കൂളിന്റെ കോർപ്പറേറ്റ് മാനേജറും ചെർന്നു നിർവ്വഹിച്ചു. യോഗത്തിന്റെ ഉദ്ഘാടനം എഴുമറ്റൂർ പഞ്ചായത്ത് പ്രസിഡന്റ് സിസ്റ്റർ ഉഷാ ജേക്കബ് നിർവ്വഹിച്ചു. വാർഡ് മെമ്പർ സിസ്റ്റർ മറിയാമ്മ ടീ. അദ്ധ്യക്ഷത വഹിച്ചു. വാഹനത്തിന്റെ താക്കോൽ ദാനം സ്റ്ററ്റീവാർഡ്സ് അസോസിയേഷൻ ഇൻ ഇന്ത്യ കേരള (സെക്രട്ടറി) ബ്രദർ കെ. പി. ബേബി (ഹെഡ്മാസ്റ്റർ) സിസ്റ്റർ സ്റ്റാൻ ലിജിക്ക് നൽകി. കൂടാതെ ബ്രദർ ഗ്ലോഡ്സൺ മനോജ് (അക്കൗണ്ട്സ് ഓഫീസർ, വിദ്യഭ്യാസ വകുപ്പ് റിട്ട.), ബ്രദർ ജേക്കബ് സാം (മുൻ അദ്ധ്യാപകനും, മൂപ്പൻ ടൗൺ ബ്രദറൺ ചർച്ച് തടിയൂർ), ബ്രദർ എം. ഡി. സാംകുട്ടി (മൂപ്പൻ, ടൗൺ ബ്രദറൺ ചർച്ച് തടിയൂർ), ബ്രദർ മനു വിശ്വനാഥ് (മോട്ടോർ വാഹന ഇൻസ്പെക്ടർ, പൂർവ വിദ്യാർത്ഥി), സിസ്റ്റർ അന്നമ്മ മാത്യു (മുൻ ഹെഡ്മിസ്ട്രസ്), ബ്രദർ ഷാജി ചിങ്കയിൽ (ലോക്കൽ മാനേജർ), ബ്രദർ ഹരി ഗോവിന്ദ് എസ്. (അദ്ധ്യാപകൻ) എന്നിവരാണ് സമ്മേളനത്തിൽ ആശംസ അറിയിച്ചത്. സുദീർഘ വർഷങ്ങളിലെ പ്രാർത്ഥനയുടെ ഫലമായി എൻ. എം.എൽ.പി. എസ് ശബരിമാങ്കലിന് ലഭിച്ച സ്കൂൾ ബസിന്റെ ഫ്ലാഗ് ഓഫ് നിർവ്വഹിക്കുവാൻ ദൈവം സഹായിച്ചു.

## വൈ. എം.ഇ. എഫ് സൗത്ത് ഡിവിഷൻ ട്രസ്റ്റ് സുവിശേഷ ക്യാമ്പ്

**പാറത്തോട്:** വൈ.എം.ഇ.എഫ് സൗത്ത് ഡിവിഷൻ ട്രസ്റ്റിന്റെ ചുമതലയിൽ പാറത്തോട് എബനേസർ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെയും വൈ.എം.ഇ.എഫ് കോട്ടയം സെന്ററിന്റെയും സഹകരണത്തിൽ സുവിശേഷ ക്യാമ്പ് 2025 ആഗസ്റ്റ് 20 ബുധൻ രാവിലെ 9 മണി മുതൽ 22 വെള്ളി ഉച്ചയ്ക്ക് 2 മണി വരെ പാറത്തോട് വച്ച് നടത്തപ്പെട്ടു. പ്രസ്തുത ക്യാമ്പിൽ ഭവന സന്ദർശനം, ബൈബിൾ ക്ലാസ്സ്, ഗ്രൂപ്പ് പ്രാർത്ഥന, പരസ്യയോഗം, വചനധ്യാനം, രാത്രി യോഗങ്ങൾ എന്നിവ ഉണ്ടായിരുന്നു.

## സ്വാതന്ത്ര്യദിന ലഹരി വിരുദ്ധ സുവിശേഷ സന്ദേശ യാത്ര

**പത്തനംതിട്ട :** വൈ. എം. ഇ. എഫ്. പത്തനംതിട്ട സെന്റർ നടത്തുന്ന സ്വാതന്ത്ര്യദിന ലഹരി വിരുദ്ധ സുവിശേഷ സന്ദേശ യാത്ര ആഗസ്റ്റ് 15 വെള്ളി രാവിലെ 7 മണിക്ക് മുണ്ടുക്കോട്ടയ്ക്കൽ ആരംഭിച്ച് അന്ത്യാളംകാവ്, കീക്കോഴൂർ, റാന്നി, മോതിരവയൽ, അടിച്ചിപ്പുഴ, അത്തിക്കയം, കടമീൻചിറ, ഇടമുറി, തോമ്പിക്കണ്ടം, ഇടമൺ തുടങ്ങിയ വിവിധ സ്ഥലങ്ങളിൽ നടത്തി വൈകിട്ട് 6 മണിക്ക് മന്ദമരുതിയിൽ സമാപിച്ചു.

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.